# UDAYADEEPA



VOL. XVII ISSUE -3
MARCH- 2025 BELTHANGADY

# March - 19 Feast of St. Joseph





*Festal Greetings with Prayer*

**Mar Joseph Pamplany**

Archbishop of Tellicherry

# UDAYADEEPA BELTHANGADY

# ಉದಯದೀಪ ಬೆಳ್ತಂಗಡಿ

# ഉദയദീപ ബെൽത്തംഗഡി

**Belthangady Diocesan Bulletin**


**Vol. XVII Issue-03 March - 2025 Page- 44**

**Annual Subscription: Rs. 140-00 Single Copy: Rs. 12-00**

**Edited, Printed and Published, by Fr. Joseph Valiaparambil**
**Bishop's House, Udayanagar, P.B. No.13**
**Belthangady - 574 214, D.K., Karnataka, India.**
**Printed at Shree Raghavendra Printers, Ujire-574 240**

**Website: www.belthangadydiocese.com**
**Email : udayadeepabel@gmail.com**
**Tel.: 08256-232439**

# CONTENTS


| | | |
|---|---|---|
| 01. | Circular : 02/2025 | 05 |
| 02. | Circular : 03/2025 | 09 |
| 03. | Circular : 04/2025 | 11 |
| 04. | Christ Jubilee | 12 |
| 05. | Notifications from the Chancellery | 13 |
| 06. | Catechism Department News | 16 |
| 07. | Bible Apostolate | 24 |
| 08. | Family Apostolate | 31 |
| 09. | Youth Apostolate | 31 |
| 10. | KSMCA News | 34 |
| 11. | Social Service Department | 35 |
| 12. | Photo Gallery | 38 |
| 13. | Bishop's Diary | 41 |
| 14. | Bishop's Engagements | 43 |

**Circular No. 02/ 2025**

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

നിത്യജീവൻ പ്രാപിക്കാൻ എന്ത് ചെയ്യണമെന്ന് ചോദിച്ച നിയമ പണ്ഡിതനുമായുള്ള ചർച്ചയിലാണ് ഈശോ ലോകപ്രസിദ്ധമായ നല്ല സമറിയാക്കാരന്റെ ഉപമ പറഞ്ഞത്. നിത്യജീവൻ പ്രാപിക്കണമെങ്കിൽ ദൈവത്തെയും അയൽക്കാരനെയും സ്നേഹിക്കണം എന്നതാണ് ദൈവനിയമം. ആരാണ് അയൽക്കാരൻ എന്ന ചോദ്യത്തിനുള്ള ഈശോയുടെ ഉത്തരമായാണ് നല്ല സമറിയക്കാരന്റെ ഉപമ പറഞ്ഞത്. അതിനുശേഷം അയൽക്കാരൻ ആരാണ് എന്ന് നിയമജ്ഞനെകൊണ്ട് തന്നെ ഈശോ പറയിപ്പിച്ചു. അപകടത്തിൽപ്പെട്ട മനുഷ്യനോട് കരുണ കാണിച്ചവനാണ് അയാളുടെ അയൽക്കാരൻ എന്ന ഉത്തരം ലഭിച്ചു. ‘‘നീയുംപോയി അതുപോലെ ചെയ്യുക’’ (ലൂക്കാ.10: 37)എന്ന് ഈശോ പറഞ്ഞു. നിത്യജീവൻ പ്രാപിക്കണമെങ്കിൽ അവശത അനുഭവിക്കുന്ന വരോട് കരുണ കാണിക്കണം. നമ്മുടെ രൂപതാ ജീവകാരുണ്യ ഫണ്ടിനെ കുറിച്ച് നിങ്ങൾക്ക് എഴുതുകയാണ്.

നമ്മുടെ ഇടയിലെ പാവപ്പെട്ടവരെ സഹായിക്കാൻ നമുക്ക് കട മയുണ്ട്. ഈശോയുടെ സുവിശേഷമനുസരിച്ച് ജീവിക്കുന്ന എല്ലാവരും മറ്റുള്ളവരെ സഹായിക്കാൻ കടപ്പെട്ടവരാണ്. നാം വിശുദ്ധ കുർബാന ഭക്തിയോടെ അർപ്പിച്ച് നമുക്കുവേണ്ടി മുറിയപ്പെടുന്ന ഈശോയുടെ ശരിരവും ചിന്തപ്പെടുന്ന അവിടുത്തെ തിരുരക്തവും സ്വികരിക്കുന്നു. വിശുദ്ധ കുർബാന അർപ്പിച്ചാൽ മാത്രം പോരാ, നാം വിശുദ്ധ കുർബാ നയായി മാറണം. അത് ഈശോയെപ്പോലെ മറ്റുള്ളവരുമായി നമ്മെയും നമുക്കുള്ളവയെയും പങ്കുവെക്കുന്നത് വഴിയാണ്.

പാവപ്പെട്ടവരെ നമുക്ക് പലവിധത്തിൽ സഹായിക്കാൻ സാധി ക്കും. അവർക്ക്വേണ്ടി പ്രാർത്ഥിക്കണം; അവർക്ക്വേണ്ടി നമ്മുടെ സമയം ചെലവഴിക്കണം; നമ്മുടെ അറിവും കഴിവും അവർക്ക് സാധി ക്കുന്നതുപോലെ നൽകണം; നമുക്കുള്ള സന്തോഷം അവരുമായി പങ്കു വയ്ക്കണം; നമുക്ക് ദൈവം തന്നിട്ടുള്ള സമ്പത്തിന്റെ ഒരു ഓഹരി അവർക്ക് നൽകണം. പങ്കുവയ്ക്കുന്നതിലൂടെയാണ് മനുഷ്യജീവിതം കൂടുതൽ അർത്ഥവത്താകുന്നത്. നമുക്കുള്ളതെല്ലാം ദൈവം ദാനമായി നൽകിയിട്ടുള്ളതാണ്. മറ്റുള്ളവർക്ക് നാം ദാനം ചെയ്യുമ്പോൾ

ദൈവത്തിന് നാം നന്ദി പറയുകയാണ്; ദൈവം അതിന് സമൃദ്ധമായ പ്രതിഫലം നൽക്കും. "ദരിദ്രനോട് ദയ കാണിക്കുന്നവൻ ഭാഗ്യവാൻ. കഷ്ടതയുടെ നാളുകളിൽ അവനെ കർത്താവ് രക്ഷിക്കും" (സങ്കി.41:1) എന്നാണ് തിരുവചനം നമ്മെ പടിപ്പിക്കുന്നത്.

തിരുസഭ തന്റെ ആരംഭം മുതൽ തന്നെ ദരിദ്രരെ സഹായിക്കുന്ന വലിയ പാരമ്പര്യം കാത്തുസൂക്ഷിച്ചിരുന്നു. "എന്റെ ഏറ്റവം എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ, എനിക്ക് തന്നെയാണ് ചെയ്തുതന്നത്" (മത്താ.25:40) എന്ന തിരുനാഥന്റെ വാക്ക് തിരുസഭ എന്നും അനുസരിക്കാൻ പരിശ്രമിച്ചിടുണ്ട്. ലോകചരിത്രത്തിൽ തിരുസഭ ചെയ്തിട്ടുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾ പ്രസിദ്ധമാണ്. ഇന്നും ലോകത്തിൽ വിശുദ്ധ കത്തോലിക്കാ സഭ ചെയ്യുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളെ വെല്ലാൻ വേറെ അധികം ആരും ഇല്ല എന്നുള്ളതിൽ നമുക്ക് അഭിമാനിക്കാം.

നമ്മുടെ ബെൽത്തംഗഡി രൂപത ആരംഭിച്ച കാലം മുതലേ നമ്മളും പാവപ്പെട്ടവരെ സഹായിക്കാൻ സാധിക്കുന്ന വിധത്തിലെല്ലാം പരിശ്രമിച്ചിട്ടുണ്ട്. നമ്മുടെ രൂപതാ സാമൂഹിക സേവന വിഭാഗമായ ഡി.കെ. ആർ.ഡി.എസ്. (D.K.R.D.S.) വഴി പ്രതിവർഷവും അനേകം പാവപ്പെട്ടവരെ നാം സഹായിക്കുന്നുണ്ട്. കുട്ടികൾക്ക് പഠനസഹായം, രോഗികൾക്ക് ചികിത്സാ സഹായം, നിർധനർക്കും മറ്റു സഹായങ്ങൾ ചെയ്തു കൊടുക്കാൻ നാം പരിശ്രമിക്കുന്നുണ്ട്. നമ്മുടെ വിൻസെന്റ് ഡി പോൾ സൊസൈറ്റി വഴിയും നമ്മുടെ മിക്ക ഇടവകകളിലും പാവപ്പെട്ടവരെ സഹായിക്കാൻ പരിശ്രമിക്കുന്നുണ്ട്. ഇതിനം പുറമേ ഓരോ ഇടവകകളിലും പലപ്പോഴായി പാവപ്പെട്ടവരുടെ ആവശ്യങ്ങളിൽ സഹായിക്കാൻ നാം മുന്നോട്ട് വരുന്നുണ്ട്. നമ്മുടെ രൂപതാ ജൂബിലി ആഘോഷത്തോട് അനുബന്ധിച്ച് പാവപ്പെട്ടവർക്ക്‌വേണ്ടി 27 വീടുകൾ നാം നിർമ്മിച്ചു കൊടുത്തു എന്നത് സന്തോഷകരമായ സംഗതിയാണ്.

വളരെ അടിയന്തര ആവശ്യങ്ങളിൽ പാവപ്പെട്ടവരെ സഹായിക്കാൻവേണ്ടി ഉള്ളതാണ് നമ്മുടെ രൂപതാ ജീവകാരുണ്യ ഫണ്ട്. ഈ ഫണ്ട് സ്വരൂപിക്കുന്നത് നിങ്ങളുടെ ഓരോരുത്തരുടെയും ഉദാരമായ സംഭാവന വഴിയാണ്. ഇതുവഴി പ്രതിവർഷവും നാം അനേകർക്ക് സാന്ത്വനമായിട്ടുണ്ട്. കഴിഞ്ഞ വർഷം നിങ്ങൾ നമ്മുടെ രൂപതാ ജീവ

കാരുണ്യ ഫണ്ടിലേക്ക് തന്ന മൊത്തം തുക 7,48,057 രൂപയാണ്. അത് ഈ താഴെ പറയുംവിധം ചിലവായി :

| | | | |
|---|---|---|---|
| 1. | 43 പാവപ്പെട്ട രോഗികളെ ചികിത്സിക്കാൻ | : | Rs. 3,30,500.00 |
| 2. | 15 സാധു കുട്ടികൾക്ക് പഠന സഹായത്തിന് | : | Rs. 1,24,000.00 |
| 3. | 8 പാവപ്പെട്ട യുവതികൾക്ക് വിവാഹ സഹായം | : | Rs.1,20,000.00 |
| 4. | 11 പാവപ്പെട്ടവർക്ക് വീടു റിപ്പയർ ചെയ്യുവാൻ | : | Rs. 1,36,000.00 |
| 5. | 53 പാവപ്പെട്ടവരുടെ അടിയന്തര ആവശ്യങ്ങളിൽ സഹായിക്കുവാൻ | : | Rs. 26,800.00 |
| | **ആകെ** | = | **Rs.7,37,300.00** |

അങ്ങനെ കഴിഞ്ഞ വർഷം 130 ആളുകൾക്ക് അവരുടെ അടിയന്തര ആവശ്യങ്ങളിൽ സഹായിക്കാൻ നമുക്ക് സാധിച്ചു. ഇനി 10,757.00 രൂപ മാത്രമേ ബാക്കിയുള്ളു. നിശ്ചയമായും ദൈവത്തിന് ഇത് ഏറെ പ്രിയപ്പെട്ട സുരഭില ബലിയാണ്! നമ്മുടെ ജീവകാരുണ്യ ഫണ്ട് തീർന്നിരിക്കുകയാണ്. വിവിധ ആവശ്യങ്ങളുമായി പാവപ്പെട്ടവർ നമ്മെ സമീപിക്കുന്നുണ്ട്. അവർക്ക് എന്തെങ്കിലും കൊടുക്കണമെങ്കിൽ നിങ്ങൾ തന്നാലേ ഇനിയുള്ളു. കുടുംബ ജീവിതക്കാരുടെ മധ്യസ്ഥനായ വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാളിനോട് അനുബന്ധിച്ച് മാർച്ച് 19ന് അടുത്തുള്ള ഞായറാഴ്ചയാണ് നാം ജീവകാരുണ്യ ഫണ്ട് സമാഹരിക്കുന്നത്. അതുകൊണ്ട് മാർച്ച് 23-ാം തീയതി നിങ്ങൾ വിശുദ്ധ കുർബാനയ്ക്ക് വരുമ്പോൾ ഇവിടെനിന്ന് നിങ്ങൾക്ക് നൽകപ്പെടുന്ന കവറിൽ നിങ്ങളുടെ ഒരു ദിവസത്തെ വരുമാനത്തിൽ കുറയാത്ത തുക നിക്ഷേപിച്ച് പൂരിപ്പിച്ച കൗണ്ടർ ഫോയിൽ (Counter Foil) സഹിതം ബഹുമാനപ്പെട്ട വികാരി അച്ചനെ ഏൽപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ലഭിക്കുന്ന തുക ബഹുമാനപ്പെട്ട വികാരി അച്ചന്മാർ മാർച്ച് 30ന് മുമ്പ് രൂപത കേന്ദ്രത്തിൽ കൗണ്ടർ ഫോയിൽ സഹിതം എത്തിച്ചു തരണമെന്ന് താല്പര്യപ്പെടുന്നു. വീടുകളുടെ എണ്ണം അനുസരിച്ച് ഓരോ ഇടവകക്കും ആവശ്യമായ കവറുകൾ രൂപതാ കേന്ദ്രത്തിൽനിന്നും വാങ്ങിക്കുവാൻ ബഹുമാനപ്പെട്ട വികാരി അച്ചന്മാർ ആവശ്യമായത് ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

“അവരുടെ ഇടയിൽ ദാരിദ്ര്യം അനുഭവിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല” (നട.4:34) എന്ന വചനപ്രകാരം നമ്മുടെ ഇടയിൽ ദാരിദ്ര്യം അനുഭവിക്കുന്നവർ ഉണ്ടാകാതിരിക്കാൻ നമ്മളാൽ കഴിയുന്നതൊക്കെ ചെയ്യാൻ സാധിക്കട്ടേയെന്ന് പ്രാർത്ഥിച്ചുകൊണ്ട്, + പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി
11.02.2025

+ മാർ ലോറൻസ് മുക്കുഴി
ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB** : ഈ സർക്കുലർ 09.03.2025ന് എല്ലാ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

## Circular No. 03/ 2025

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

"ദൈവത്തിന്റെ നിയോഗവും വിളിയും അനുസരിച്ച് ഓരോരുത്തരും ജീവിതം നയിക്കട്ടെ " (1 കോറി.7 : 17) എന്നാണ് പരിശുദ്ധാത്മാവ് വിശുദ്ധ പൗലോസ് ശ്ലീഹായിലൂടെ നമ്മെ പഠിപ്പിക്കുന്നത്. ദൈവം നമുക്ക് ഓരോരുത്തർക്കുംവേണ്ടി ഓരോ പദ്ധതി സ്നേഹത്തോടെ തയ്യാറാക്കിയിട്ടുണ്ട്. നമ്മെ സംബന്ധിച്ച് ദൈവം എന്താഗ്രഹിക്കുന്നു; ഏത് ജീവിതാന്തസിലൂടെ നാം ജീവിക്കണം എന്ന് നാം തിരിച്ചറിഞ്ഞ് അതനുസരിച്ച് ജീവിക്കണം. നമ്മുടെ രൂപതയിൽ 2025 ഏപ്രിൽ 9 മുതൽ 12 വരെ നടക്കാനിരിക്കുന്ന ദൈവവിളി ക്യാമ്പിനെ കുറിച്ച് നിങ്ങൾക്ക് എഴുതുകയാണ്.

ഈ ലോകത്തിലെ തന്റെ ദൗത്യം പൂർത്തിയാക്കിയതിനുശേഷം തന്റെ പിതാവിന്റെ പക്കലേക്ക് പോകുന്നതിനു മുൻപ് ഈശോ ശിഷ്യന്മാരോട് ഇങ്ങനെ അരുളിചെയ്തു: "നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മാർക്കോ. 15:15). കർത്താവിന്റെ ഈ കല്പന ശിരസ്സാ വഹിച്ച അപ്പസ്തോലന്മാർ അന്ന് അറിയപ്പെട്ടിരുന്ന ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പോയി സുവിശേഷം പ്രസംഗിച്ചു. അവർക്ക് ശേഷം അവരുടെ പിൻഗാമികളും അങ്ങനെ തന്നെ ചെയ്തു. അങ്ങനെ ഈ കാലംവരെയും തലമുറ തലമുറയായി കർത്താവിനാൽ വിളിക്കപ്പെട്ടവർ സുവിശേഷ പ്രഘോഷണം നടത്തികൊണ്ടിരിക്കുന്നു. ഈശോയുടെ ഈ ദൗത്യം ഇനിയും യുഗാന്ത്യംവരെ തുടരണമെന്നാണ് അവിടുത്തെ അഗ്രഹം. ദൈവത്തിന്റെ വിളി ലഭിച്ചവർ മാത്രമേ ഈ ദൗത്യം ഏറ്റെടുക്കുന്നുള്ളു. അങ്ങനെ തങ്ങളുടെ വിളി മനസ്സിലാക്കി സുവിശേഷത്തിനുവേണ്ടി ജീവിക്കുന്ന വൈദികരുടെയും സമർപ്പിതരുടെയും ത്യാഗപൂർണ്ണമായ ജീവിതംകൊണ്ടാണ് തിരുസഭ മുന്നോട്ടുപോകുന്നത്.

നമ്മുടെ രൂപതയിലും മിഷൻ പ്രദേശങ്ങളിലും സേവനം അനുഷ്ഠിക്കാൻ പുരോഹിതരെയും സമർപ്പിതരെയും ഇനിയും ആവശ്യമുണ്ട്. ദൈവം ഈ ദിവ്യമായ ദൗത്യത്തിനുവേണ്ടി തങ്ങളെ വിളിക്കുന്നുണ്ടോ എന്ന് ഓരോ യുവതിയുവാക്കന്മാരും പരിശോധിച്ചറിയണം. തങ്ങളുടെ ദൈവവിളി തിരിച്ചറിയാൻ സഹായകമായ പൗരോഹിത്യ

സന്യാസ ജീവിതത്തോട് താല്പര്യമുള്ള പത്താംക്ലാസ്സോ അതിലുപരിയോ വിദ്യാഭ്യാസ യോഗ്യതയുള്ള യുവജനങ്ങൾക്കായി 2025 ഏപ്രിൽ 9 വൈകുന്നേരം 5 മണി മുതൽ 12-ാം തീയതി ഉച്ചയ്ക്ക് 1 മണിവരെ ജ്ഞാനനിലയത്തിൽവച്ച് ദൈവവിളി ക്യാമ്പ് നടത്തപ്പെടുകയാണ്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരുമിച്ചാണ് ഈ വർഷം ക്യാമ്പ് നടത്തപ്പെടുന്നത്. ഇപ്രകാരമുള്ള കുട്ടികൾ ഈ ക്യാമ്പിൽ പങ്കെടുക്കണമെന്ന് താല്പര്യപ്പെടുന്നു.

പത്താംക്ലാസ്സോ അതിലുപരിയോ വിദ്യാഭ്യസമുള്ള കുട്ടികളുടെ മാതാപിതാക്കൾ കുട്ടികളെ ദൈവവിളി ക്യാമ്പിന് പറഞ്ഞയക്കേണ്ടതാണ്. ഓരോ ഇടവകയിൽനിന്നും ബഹുമാനപ്പെട്ട വികാരിയച്ചൻമാർ ഇപ്രകാരമുള്ള കുട്ടികളുടെ പേരും എണ്ണവും നമ്മുടെ മൈനർ സെമിനാരി റെക്ടർ ബഹു. ജോസഫ് കേളംപറമ്പിൽ അച്ചനെ (Mob:8073144085) മാർച്ച് 23ന് മുമ്പ് അറിയിക്കേണ്ടതാണ്.

"സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം" (റോമ.10:15) എന്ന തിരുവചനത്തിന്റെ അർത്ഥം ഗ്രഹിച്ച് പ്രേഷിതപ്രവർത്തനത്തിന്റെ മഹിമയും വിശുദ്ധിയും മനസ്സാലാക്കി അനേക യുവജനങ്ങൾ ദൈവവിളി സ്വീകരിച്ച് വൈദികരോ സന്യസ്ഥരോ ആകട്ടേയെന്ന് പ്രാർത്ഥിച്ചുകൊണ്ട് + പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി
25.02.2025

+ മാർ ലോറൻസ് മുക്കുഴി
ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB** :1. ഈ സർക്കുലർ 16.03.2025ന് എല്ലാ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

2. ക്യാമ്പിൽ പങ്കെടുക്കാൻ വരുന്ന കുട്ടികൾ ബഹു. വികാരിഅച്ചന്റെ കത്ത്, ബൈബിൾ, നോട്ടുബുക്ക്, പേന, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ മുതലായവ കൊണ്ടുവരേണ്ടതാണ്.

## Circular No. 04/ 2025

സ്നേഹ ബഹു. അച്ചന്മാരേ,

ബഹു. അച്ചന്മാരുടെ നിലവിലുള്ള അലവൻസ് 15,000.00 രൂപ എന്നത് 2025 ഏപ്രിൽ മാസം 1 മുതൽ 16,000.00 രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നു. പള്ളി ജീവനക്കാർക്കും ആനുപാതികമായ ഈ വർദ്ധനവ് വരുത്തേണ്ടതാണ്. ഈ വിവരം ഇടവകാംഗങ്ങളെ അറിയിക്കേണ്ടതും, 2025 ഏപ്രിൽ മാസം 1 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതുമാണ്.

ബെൽത്തംഗഡി
28.2.2025

+ മാർ ലോറൻസ് മുക്കുഴി
ബെൽത്തംഗഡി രൂപതയുടെ മെത്രൻ

---

**NB:** ഈ സർക്കുലർ 23.03.2025 ന് എല്ലാ കുർബ്ബാന മദ്ധ്യേയും വായിക്കേണ്ടതാണ്.

# ക്രിസ്തു ജൂബിലി 2025

♦ ജൂബിലി വർഷത്തിൽ പരി. ഫ്രാൻസിസ് പിതാവിന്റെ ആഹ്വാനമനുസരിച്ച്, വത്തിക്കാൻ സുനഹദോസിന്റെ **"തിരുസഭ", "ആരാധന ക്രമം", "ദൈവവചനം", "സഭ ആധുനിക ലോകത്തിൽ"** എന്നീ നാല് പ്രമാണരേഖകൾ നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും പഠിക്കുന്നതിന്റെ ഭാഗമായി 2025 ഫെബ്രുവരി മാസം 26 ൻ ജ്ഞാനനിലയത്തിൽ ഒരു ഏക ദിന പഠനശിബിരം നടന്നു. പാലക്കാട് രൂപതാംഗമായ ബഹു. ഡോ. അരുൺ കലമറ്റത്തിൽ അച്ചനാണ് ക്ലാസ്സുകൾക്ക് നേതൃത്വം കൊടുത്തത്. പങ്കെടുത്ത എല്ലാ ബഹു. വൈദികർക്കും, ഇടവകകളിലും വാർഡ് യൂണിറ്റുകളിലും ക്ലാസ്സുകൾ എടുക്കുവൻ നിയോഗിക്കപ്പെട്ടിരിക്കുന്ന ബഹു. സിസ്റ്റേഴ്സിനും പ്രത്യേക നന്ദി.

♦ **"കുരിശ് യാത്ര"**

ഈശോയുടെ ജൂബിലി വർഷത്തോടനുബന്ധിച്ചുള്ള കുരിശ് പ്രയാണത്തിന് ജഡ്ക്കൽ ഫൊറോനായിൽ ഉജ്ജ്വല സ്വീകരണം. ഫെബ്രുവരി 2 നു മുദൂർ ഇടവകയിൽ കുരിശ് പ്രയാണത്തിന് തുടക്കം കുറിച്ചു. വികാരി ബഹു. മാത്യു ആലപ്പാട്ട് അച്ചനും, ഇടവകാംഗങ്ങളും ചേർന്ന് കുരിശ് സ്വീകരിക്കുകയും മുദൂർ ഇടവകയിൽ സ്ഥാപിക്കുകയും ചെയ്തു. തുടർന്ന് ഫെബ്രുവരി 9 മുതൽ 15 വരെ സിദ്ദാപ്പുര ഇടവകയിലും, ഫെബ്രുവരി 16 മുതൽ 22 വരെ ആജരി ഇടവകയിലും, കുരിശ് സ്ഥാപിച്ചു. വികാരി ബഹു. സെബാസ്റ്റ്യൻ കല്ലൂർ അച്ചനും, ഇടവകാംഗങ്ങളും ചേർന്ന് കുരിശ് സ്വീകരിക്കുകയും സിദ്ദാപ്പുര ഇടവകയിൽ സ്ഥാപിക്കുകയും ചെയ്തു. ഫെബ്രുവരി 23 നു ഹെബ്രി ദേവാലയത്തിൽ കുരിശ് പ്രയാണത്തിന് തുടക്കം കുറിച്ചു. വികാരി ബഹു. ദേവസ്യ പൈക്കാട്ട് അച്ചനും, ഇടവകാംഗങ്ങളും ചേർന്ന് കുരിശ് സ്വീകരിക്കുകയും ഹെബ്രി ഇടവകയിൽ സ്ഥാപിക്കുകയും ചെയ്തു. ഈ ദിവസങ്ങളിൽ ദേവാലയങ്ങളിൽ വെള്ളിയാഴ്ച്ചയും, ഞായറാഴ്ച്ചയും കുരിശിന്റെ വഴി നടത്തുകയും, കുരിശിന്റെ പ്രാധാന്യത്തെക്കുറിച്ച് ബഹു. വികാരിമാർ പഠിപ്പിക്കുകയും ചെയ്തു. ഈ ഇടവകകളിൽ ഉള്ള എല്ലാ ഭവനങ്ങളിലും വിശുദ്ധ കുരിശിനെ ഭക്തിയോടെ സ്വീകരിക്കുകയും, ബഹുമാനപ്പെട്ട വികാരിയച്ചന്മാർ നിർദ്ദശിക്കുന്ന കാര്യങ്ങൾ ചെയ്തു വരികയും ചെയ്യുന്നു.

**Fr. Lawrence Poonolil**
Chancellor

# രൂപതാകാര്യാലയം

♦ **Pope's Monthly Intention for March - 2025**

പ്രതിസന്ധിയിൽ അകപ്പെട്ട കുടുംബങ്ങൾക്കുവേണ്ടി :

ക്ഷമയിലൂടെ തങ്ങളുടെ മുറിവുകൾ ഉണക്കുന്നതിനും, വ്യത്യസ്തതകൾക്കിടയിലും മറ്റുള്ളവരുടെ ദാനങ്ങൾ പരസ്പരം കണ്ടെത്തുന്നതിനും, തകർന്ന കുടുംബങ്ങൾക്ക് സാധിക്കുന്നതിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

♦ **Let us Pray for Rev. Fathers :**

Prayerful Greetings to Very Rev. & Rev. Fathers

Birth day **:**

| | |
|---|---|
| Francis Odampally | 08 |
| Xavier Vadakeyil | 11 |
| Abraham Patteril | 16 |
| George Pazheparambil | 18 |
| Joseph Puthiyedath | 24 |
| Joseph Pampackal | 25 |
| Sebastain Kalloor MCBS | 30 |

**Feast Day : March 18 : St. Alex**

Alex Muthuplackal OFM Cap.,

**March 19 : St. Joseph**

Joseph Valiaparambil
Joseph Puthettupadavil
Joseph Mattam
Jose Ayamkudy
Joseph Kurialassery
Joseph Pampackal

Joseph Valookaran
Joseph Puthiyedath
Joseph Puthussery
Joseph Poothakkuzhiyil
Joseph Mukkattu
Joseph Cheeran
Joseph Kelamparambil
Joseph Puthuparambil
Joseph Valiaparambil (Jr.)
Joseph Kezhakkethazhe
Joseph Thurackal

♦ **പ്രാർത്ഥനാംശംസകൾ**

**ഡി. എസ്. എച്ച്. ജെ. സന്യാസിനി** സമൂഹത്തിന്റെ ബെനാലിയോ പ്രോവിൻസിന്റെ പുതിയ പ്രോവിൻഷ്യൽ സുപ്പീരിയർ ആയി തിരഞ്ഞെടുക്കപ്പെട്ട ബഹു. സി. റൂബി തോമസിനും, ടീം അംഗങ്ങൾക്കും പ്രാർത്ഥനാശംസകൾ.

♦ **രൂപതാ ജീവകാരുണ്യ ഫണ്ട്**

ജീവകാരുണ്യ നിധിയിലേക്കുള്ള സംഭാവനകൾ സ്വീകരിക്കുവാനുള്ള കവറുകൾ, വാർഡ് പ്രതിനിധികൾ വീടുകളിൽ എത്തിക്കേണ്ടതാണ്. 2025 മാർച്ച് മാസം 23-ാം തീയതി ഞായറാഴ്ച കുർബാനയ്ക്ക് വരുമ്പോൾ ബഹു. വികാരിയച്ചനെ ഏൽപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ലഭിക്കുന്ന തുക തന്നവരുടെ ലിസ്റ്റ് സഹിതം 2025 മാർച്ച് - 30 ന് മുമ്പ് രൂപതാ കേന്ദ്രത്തിൽ എത്തിക്കുവാൻ ആവശ്യമായത് ചെയ്യണമെന്ന് ബഹു. വികാരിയച്ചൻമാരോട് അഭ്യർത്ഥിക്കുന്നു.

♦ **Inter - Commission Meeting :**

2025 ഫെബ്രുവരി 24 ന് രൂപതയിൽ പ്രവർത്തിക്കുന്ന, വിവിധ കമ്മീഷനുകളുടെ ഉത്തരവാദിത്വം വഹിക്കുന്ന ബഹുമാനപ്പെട്ട വൈദികർ അഭി. പിതാവിന്റെ അദ്ധ്യക്ഷതയിൽ ഒരുമിച്ചുകൂടി രൂപതയുടെ അജപാലന കാര്യപരിപാടികൾ വിലയിരുത്തുകയും ഭാവികാര്യങ്ങൾ പ്ലാൻ ചെയ്യുകയും ചെയ്തു.

♦ **Sunday Collections : Lenten Collection - 16th March 2025**

**Fr. Lawrence Poonolil**
Chancellor

## ANNOUNCEMENTS

**1. Career Advancement Programme at Subodhana (KROSS) Bangalore:**

The KRCBC under the Leadership of Dr Peter Machado Archbishop of Bangalore, Dr. Francis Serrao,SJ Bishop of Shimoga and President KROSS along with Dr. Henry D' Souza Bishop of Bellary have initiated a programme to train young Catholic aspirants (Graduates above 70 %) in IAS/ IPS programmes. Our Parish Priests and Heads of Institutions are requested to select and guid the aspirants to apply for this programme. Contact: 9900143050, krossdir @ gmail.com. Talented students of VIII, IX, X Std, PUC and Degree students may be guided to apply for special coaching programmes. Graduate students may be guided to apply immediately

# വിശ്വാസപരിശീലന രംഗം

**“ പരീക്ഷകൾ ക്ഷമയോടെ സഹിക്കുന്നവൻ ഭാഗ്യവാൻ. എന്തെന്നാൽ, അവൻ പരീക്ഷകളെ അതിജീവിച്ചു കഴിയുമ്പോൾ തന്നെ സ്നേഹിക്കുന്നവർക്ക് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന ജീവന്റെ കിരീടം അവന് ലഭിക്കും ” – യാക്കോബ് 1:12.**

## വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ

ഈശോയുടെ വളർത്തുപിതാവായ വി. യൗസേപ്പിതാവിന്റെ തിരുനാൾ സഭ മാർച്ച് 19 ആം തീയതി കൊണ്ടാടുകയാണല്ലോ. ഈശോയ്ക്ക് യോഗ്യനായ ഒരു നല്ല അപ്പച്ചനായി ജീവിച്ച യൗസേപ്പിതാവ് നമ്മുടെ മാധ്യസ്ഥപ്രാർത്ഥനകൾ എത്രമാത്രം ശ്രദ്ധയോടെ ആയിരിക്കും കേൾക്കുക. വിശുദ്ധ യൗസേപ്പിതാവിന്റെ മാധ്യസ്ഥം നമുക്ക് അപേക്ഷിക്കാം. നീതിമാനും ശാന്തശീലനുമായി വിശുദ്ധിയിൽ ജീവിച്ച വിശുദ്ധ യൗസേപ്പിതാവിന്റെ ഈ ഗുണങ്ങൾ നമുക്ക് മാതൃകയായി സ്വീകരിച്ച് ജീവിതത്തിൽ പകർത്താൻ പരിശ്രമിക്കാം. ജോസഫ് നാമധാരികളായ എല്ലാ വൈദികർക്കും അധ്യാപകർക്കും അല്മായർക്കും തിരുനാളിന്റെ മംഗളങ്ങൾ വളരെ സന്തോഷത്തോടെ നേരുന്നു. വി. യോസേപ്പിതാവിന്റെ വിലയേറിയ മാധ്യസ്ഥം നിങ്ങൾക്കെന്നും അനുഗ്രഹമായി ഭവിക്കട്ടെ. എനിക്കുവേണ്ടിയും നിങ്ങൾ പ്രാർത്ഥിക്കണം എന്ന് അപേക്ഷിക്കുന്നു.

## വിശ്വാസ പരിശീലന ക്ലാസുകളുടെ സന്ദർശനം

കഴിഞ്ഞമാസം സന്ദർശിച്ച സണ്ടേസ്കൂളുകൾ: ബെൽത്തംഗഡി, പുത്തൂര്, സുള്ള്യ, സമ്പാജെ, മൂർജെ. ഈ വർഷത്തെ സന്ദർശനങ്ങൾ ഇവിടെ പൂർത്തിയാവുകയാണ്. എല്ലാ സണ്ടേ സ്കൂളുകളും വളരെ നന്നായി പ്രവർത്തിക്കാൻ പരിശ്രമിക്കുന്നുണ്ട്. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന വൈദികർക്കും സിസ്റ്റേഴ്സിനും അധ്യാപകർക്കും മാതാപിതാക്കൾക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

## മതബോധന മാസം

മാർച്ച് മാസം മതബോധന മാസമായി ആചരിക്കണം. നിങ്ങൾക്ക് വളരെയേറെ കാര്യങ്ങൾ പഠിക്കാൻ ഉള്ളതുകൊണ്ട് ഒരു ദിവസം ഒരു മണിക്കൂർ (വൈകുന്നേരം 6.30 മുതൽ 7.30 വരെ) മതബോധന പാഠങ്ങൾ

പഠിക്കാൻവേണ്ടിതന്നെ ഉപയോഗിക്കണം. ഒരു ദിവസം ഒരു പാഠം വായിക്കുക, പിറ്റേദിവസം അത് പഠിക്കുക. ഇങ്ങനെ ചെയ്താൽ പരീക്ഷ എളുപ്പമായി എഴുതാൻ സാധിക്കും. ബഹുമാനപ്പെട്ട വൈദികരും അധ്യാപകരും ഇതിന് മേൽനോട്ടം വഹിക്കുമല്ലോ.

## വലിയ നോമ്പാചരണം

മാർച്ച് മൂന്നാം തീയതി മുതൽ 50 നോമ്പിലേക്ക് നമ്മൾ പ്രവേശിക്കുകയാണ്. കർത്താവിന്റെ പീഡാനുഭവവും കുരിശു മരണവും പ്രത്യേകമായി ധ്യാനിച്ച്, ത്യാഗപ്രവർത്തികളും, പുണ്യ പ്രവർത്തികളും, പ്രാർത്ഥനയും, ഉപവാസവും വഴി ആത്മീകമായും ശാരീരികമായും നമ്മെ ഒരുക്കുന്ന സമയമാണിത്. അങ്ങനെ ഒരുങ്ങിയാൽ മാത്രമേ ഉയിർപ്പിന്റെ സന്തോഷം അനുഭവിക്കാൻ നമുക്ക് സാധിക്കുകയുള്ളൂ. നന്നായി നോമ്പാചരിക്കുവാൻ സഹായിക്കുന്ന ചില നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു:

1. സാധിക്കുന്നവർ എല്ലാ ദിവസങ്ങളിലും വിശുദ്ധ കുർബാനയിൽ പങ്കെടുക്കണം.
2. യോഹന്നാന്റെ സുവിശേഷം വായിക്കുകയും എഴുതുകയും ചെയ്യണം.
3. കുമ്പസാരിച്ച് വിശുദ്ധ കുർബാന സ്വീകരിക്കണം.
4. കുടുംബ പ്രാർത്ഥന മുടക്കരുത്.
5. ഉപവസിക്കുകയും ദാനധർമ്മങ്ങൾ ചെയ്യുകയും നന്മ പ്രവർത്തികൾ ചെയ്യുകയും ചെയ്യണം.
6. വിശുദ്ധ കുർബാനയുടെ ആരാധന, കുരിശിന്റെവഴി ഇവയിൽ പങ്കുചേരണം.
7. നാവിനെ നിയന്ത്രിക്കാൻ പരിശ്രമിക്കണം.

## പ്രധാന അധ്യാപകരുടെ സമ്മേളനം

മെയ് 3 ആം തീയതിയാണ് പ്രധാന അധ്യാപകരുടെ സമ്മേളനം നടത്തപ്പെടുന്നത്. എല്ലാവരും 2024-25 ലെ ഒരു ചെറിയ വാർഷിക റിപ്പോർട്ടും 2025-26 ലേക്കുള്ള ഇയർ പ്ലാനും തയ്യാറാക്കി കൊണ്ടുവരണം.

## രൂപതാ മതബോധന കമ്മിറ്റി

മെയ് 17 നാണ് രൂപതാ മതബോധന കമ്മിറ്റി മീറ്റിങ്ങ്

നടത്തപ്പെടുന്നത്. എല്ലാ ഫൊറോന വികാരിയച്ചന്മാരും കോർകമ്മിറ്റി അംഗങ്ങളും ഇതിൽ പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

## ട്രെയിനിങ് പ്രോഗ്രാം

11 ാം ക്ലാസിൽ പഠിപ്പിക്കുന്ന അധ്യാപകർക്കുള്ള ട്രെയിനിങ് പ്രോഗ്രാം മെയ് 18 ന് നടത്തപ്പെടുന്നു. ഈ വർഷം മുതൽ നമ്മൾ പതിനൊന്നാം ക്ലാസിൽ പുതിയ ടെക്സ്റ്റ് ബുക്ക് ഉപയോഗിക്കുകയാണ്. ഇതിന്റെ പാഠങ്ങൾ തയ്യാറാക്കിയിരിക്കുന്നത് പുതിയ രീതിയിലാണ്. അതുകൊണ്ട് ഇതെങ്ങനെയാണ് പഠിപ്പിക്കേണ്ടത് എന്ന് നമ്മൾ അറിഞ്ഞിരിക്കണം. മെയ് മാസം പതിനെട്ടാം തീയതി രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ ആയിരിക്കും ക്ലാസ്. പതിനൊന്നാം ക്ലാസിൽ പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും ഇതിൽ പങ്കെടുക്കേണ്ടതാണ്.

## സണ്ടേസ്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷ

**പരീക്ഷ സുഗമമായി നടത്തുന്നതിനുവേണ്ട ഏതാനും നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു:**

1. പരീക്ഷാ തിയതി ഏപ്രിൽ 6. സമയം 10.00 മണി മുതൽ 12.30 മണി വരെ. ഈ തിയതിക്കും സമയത്തിനും ഒരു മാറ്റവും വരുത്താൻ പാടുള്ളതല്ല.
2. ഈ പ്രാവശ്യം പരീക്ഷാ ഇൻവിജിലേട്ടർമാർ ഉണ്ടായിരിക്കുന്നതല്ല.
3. ചോദ്യക്കടലാസ് പായ്ക്കറ്റ് പരീക്ഷയ്ക്ക് 15 മിനിറ്റ് മുമ്പ് വികാരി അച്ചന്റെ സാന്നിദ്ധ്യത്തിൽ (വികാരി അച്ചൻ ഇല്ലെങ്കിൽ പ്രധാന അധ്യാപകന്റെ മുമ്പാകെ) മാത്രമേ തുറക്കാവു.
4. ആൻസർ കീ വികാരി അച്ചനെ ഏൽപ്പിക്കണം. വികാരി അച്ചൻ ഇല്ലെങ്കിൽ ഹെഡ്മാസ്റ്റർ കൈവശം വയ്ക്കുക. ഓറൽ പരീക്ഷ നട ത്തുന്ന അധ്യാപകർക്ക് ആൻസർ കീ ആവശ്യമുണ്ടെങ്കിൽ നല്കു ക. അല്ലാത്തപക്ഷം പരീക്ഷ കഴിഞ്ഞതിനു ശേഷമേ ആൻസർ കീ അധ്യാപകരെ ഏൽപ്പിക്കാവു.

6. ഡിപ്ളോമ (10 ാം ക്ലാസ്സ്), പോസ്റ്റ് ഡിപ്ളോമ (12 ാം ക്ലാസ്സ്) പഠിക്കുന്ന **എല്ലാ കുട്ടികളുടെയും** പേരുവിവരങ്ങളും മാർക്കും (രണ്ടു സെമെസ്റ്ററുകളുടെയും മൊത്തം ശതമാനം (Total percentage) തന്നിരിക്കുന്ന ഫോമിൽ പൂരിപ്പിച്ച് അയക്കുക. അതോടൊപ്പം 10, 12 ക്ലാസ്സുകളിലെ കുട്ടികളുടെ **പാസ്പോർട്ട് സൈസിലുള്ള ഫോട്ടോയും** അയച്ചുതരണം. രജിസ്ട്രേഷൻ ഫോമിലും ഫോട്ടോയുടെ പുറകിലും കുട്ടികളുടെ **മാമ്മോദീസാ പേരാണ്** എഴുതേണ്ടത്.

6. 10, 12 ക്ലാസ്സുകളിലെ രജിസ്ട്രേഷൻ ഫോമിൽ പരീക്ഷക്ക് ആബ്സെന്റ് ആയ കുട്ടികളുടെ പേരിന്റെ മുൻപിൽ 'If absent mark A' എന്ന കോളത്തിൽ A (എ) എന്ന് മാർക്ക് ചെയ്യണം.

## സ്കോളർഷിപ്പ്

സ്കോളർഷിപ്പ് കുട്ടികളുടെ (4, 7, 10, 12 ക്ലാസ്സുകളുടെ) പേപ്പർ ഇടവകയിൽ വിലയിരുത്തിയതിനു ശേഷം, റണ്ടു സെമസ്റ്ററുകളുടെയും മാർക്ക് കൂട്ടുമ്പോൾ അർഹത ഉള്ളത് മാത്രം (Above 80 %) രൂപതയിലേക്ക് അയച്ചുതരിക. അങ്ങനെ അയക്കുംബോൾ രണ്ടു സെമസ്റ്ററുകളുടെയും പേപ്പർ അയക്കേണ്ടതാണ്. എല്ലാ പേപ്പറുകളിലും ഇടവകയുടെ സീല് ഉണ്ടാരിക്കണം.

## ചോദ്യപേപ്പറുകൾ ഓർഡർ ചെയ്യുക:

രണ്ടാം സെമസ്റ്റർ പരീക്ഷ നടത്താൻ നിങ്ങളുടെ ഇടവകയ്ക്ക് ആവശ്യമായ ചോദ്യപേപ്പറുകളുടെ എണ്ണം ഭാഷാ അടിസ്ഥാനത്തിൽ തന്നിരിക്കുന്ന ഫോമിൽ പൂരിപ്പിച്ച് മാർച്ച് 10 ന് മുമ്പായി ഇവിടെ എത്തിക്കേണ്ടതാണ്.

## പ്രതിഭാസംഗമം

2025-26 വർഷത്തെ ഏഴാം ക്ലാസ്സിലെ പ്രതിഭാസംഗമം മെയ് 8,9,10 തിയ്യതികളിൽ കാക്കനാടിൽവച്ച് നടത്തപ്പെടുന്നതായിരിക്കും. നമ്മുടെ രൂപതയിൽനിന്നും 4 കുട്ടികൾക്കാണ് അവസരം ലഭിക്കുക (2 ആൺകുട്ടികൾ, 2 പെൺകുട്ടികൾ). മാർച്ച് 30 ന് മുൻപായി കുട്ടികളുടെ പേരുവിവരങ്ങൾ ഓഫീസിൽ അറിയിക്കുമല്ലോ.

## ക്രിസ്തോത്സവം

ഏപ്രിൽ 1, 2, 3 തീയതികളിലും ഏപ്രിൽ 28, 29, 30 എന്നീ തീയതികളിലും നടത്തുന്നതായിരിക്കും.
വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

**Christotsava 2025**
**Diocese of Belthangady**

**Date 1-3, April 2025**

| Parishes | Team |
|---|---|
| 1. Shirur, Maddodi and Kalmakki - at Kalmakki | Fr. Alex , Jobin Poovathingal, Bro Binoj Mudur. |
| 2. Jadkal, Mudur and Kundapura- at Jadkal | Fr. Jose Valiaparmabil, Bro. Bijeesh, Varghese Kazhuthadiyil, Bijoy Kanjirathamkunnel |
| 3. Sidhapura and Ajri at Sidhapura | Fr. Donal, Bro. John Vettuvazhy, George Venoor |
| 4. Hebri and Ajekar at Hebri | Fr. Manoj Kochuputhenpura Bro. Paul Valookaran and Bro. Varangalakudy |
| 5. Manipal | Fr. Shibu Kizhakkethazhe, Bro. Menachery, John Kochucherunilam, |
| 6. Kankanady and Kattipalla at Kakkanady | Fr. Joseph Pambackal, Sr. Alphy SH Shiju Panachikal, Bro. Ronaldo. |
| 7. Belthangady, Venoor, Bangady Moorje at Belthangady | Fr. Manapattu, Bro. Vadakkemulanjinal Soy Kalapurackal, Sr. Ann Francis SD, |
| 8. Bajagoli, Kervase and Mala-Chowki at Bajagoli | Fr. Cyril Cheriyapally, Jaison Vernoor, Sr. Jesintha SD |
| 9. Kuthlur, Mandrady and Shirlal at Kuthlur | Fr. Jinse Kolamkunnel, Bro. Kuttikal Sr. Deepa FCC |
| 10. Thottathady and Kanchal at Thottathady | Fr. Sunil Thazhekattil, Sr. Elisabeth SH Sr. Pavitra FCC, Bro. Panayolil |
| 11. Dharmastal and Bolminar at Dharmastala | Fr. Joseph Poothakuzhy, Sr. Tejas FCC John Pambackal, Sibi Karakkattu |

| | |
|---|---|
| 12. Gandibagilu, Devagiri at Gandibagilu | Fr. Benny CST, Bro. Kuttickal Sr. Alphonsa FCC, Kuriachen sullia |

**28-30, April**

| | |
|---|---|
| 13. Mundaje and Ujire at Mundaje | Fr. Devasia Paikattu, Bro. Paul Valookaran, Sr. Alphonsa FCC |
| 14. Kalanja and Battiyal At Kalanja | Fr. Mathaew Vellachalil, Sr. Anita FCC Nikcy NM, Bro Odampally |
| 15. Nelliady and Arala at Nelliady | Fr. Sunil Thazhekattil, Sr. Elisabeth SH Sr. Pavitra FCC, Bro. Panayolil |
| 16. Udane, Shirady, Addahole at Addahole | Fr. Jose Valiaparmabil, Bro. Bijeesh Varghese Kazhuthadiyil, Bijoy Kanjirathamkunnel |
| 17. Kutrapady, Padavu, Neeraje at Kutrapady | Fr. Christy , Sr. Nisha FCC, Mr. Sunny KC Sinu Abraham, Rajesh Punnavila |
| 18. Nettana and Guttigar at Nettana | Fr. Shibu Kizhakkethazhe Soy, Bro. Menacherry |
| 19. Sampaje, Sullia and Puttur at Sullia | Fr. Manapattu, Bro. Vadakkemulanjinal Sr. Deepa FCC |
| 20. Hoskote, Sidhapura and Sidhalingapura at Sidhapura | Fr. Jins Kolakunnel, Jobin Poovathingal, Bro. Ronaldo |
| 21. Gonikoppal, Heggala, Murnad at Gonikoppal | Fr. Donal, Bro. John Vettuvazhy Bro. Bijeesh |

# ചെറുപുഷ്പ മിഷൻലീഗ്

## വി. യൗസേപ്പിതാവിന്റെ തിരുനാൾ

വി. യൗസേപ്പിതാവ് യേശുവിന്റെ വളർത്തുപിതാവായിരുന്നു. യേശുവിനെ ഒരു കുറവും കൂടാതെ പരിപാലിച്ച യൗസേപ്പിതാവിന്റെ മാധ്യസ്ഥം നമുക്കും അപേക്ഷിക്കാം. ജോസഫ് നാമധാരികൾക്ക് തിരുനാളിന്റെ മംഗളങ്ങൾ നേരുന്നു.

## 50 നോമ്പാചരണം

ഓരോരുത്തരും സാധിക്കുന്ന രീതിയിൽ ത്യാഗപ്രവർത്തികളും പുണ്യപ്രവർത്തികളും ചെയ്യുകയും മുകളിൽ പറഞ്ഞ ഏഴു കാര്യങ്ങൾ പാലിക്കാൻ പരിശ്രമിക്കുകയും ചെയ്യുക.

## അൾത്താരബാലന്മാരുടെ ട്രെയിനിങ് ക്യാമ്പ്

ഏപ്രിൽ മാസം 21, 22 തീയതികളിൽ അൾത്താര ബാലന്മാരുടെ ട്രെയിനിങ് ജ്ഞാനനിലത്തിൽ വച്ച് നടത്തപ്പെടുന്നതാണ്. ഇരുപത്തിയൊന്നാം തീയതി രാവിലെ പത്തരയ്ക്ക് ആരംഭിച്ചു 22 ആം തീയതി ഒരു മണിക്ക് അവസാനിക്കുന്നതായിരിക്കും. ഇതിൽ പങ്കെടുക്കുന്നവരുടെ പേര് വിവരങ്ങൾ ഏപ്രിൽ പത്തിന് മുമ്പായി അറിയിക്കേണ്ടതാണ്. പുതിയതായി ചേർന്ന എല്ലാ അൾത്താരബാലകന്മാരും ഈ ക്യാമ്പിൽ പങ്കെടുക്കണം. രെജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 100 രൂപ.

## മിഷൻ ലീഗ് ലീഡേഴ്സ് ട്രെയിനിങ്

ഏപ്രിൽ മാസം 25 മുതൽ 27 വരെയുള്ള തീയതികളിൽ സി.എം. എൽ. ലീടേഴ്സ് ട്രെയിനിങ് ക്യാമ്പ് ജ്ഞാനനിലയത്തിൽവച്ച് നടത്തപ്പെടുന്നതായിരിക്കും. 25 ന് വൈകുന്നേരം 4 മണിക്ക് ആരംഭിച്ച 27 ന് ഉച്ചയ്ക്ക് ഒരു മണിക്ക് അവസാനിക്കും. പങ്കെടുക്കുന്നവർ ഏപ്രിൽ 10 ന് മുമ്പ് പേരുവിവരം അറിയിക്കണം. ഒരാൾക്ക് 200 രൂപയാണ് രജിസ്ട്രേഷൻ ഫീസ്.

## മിഷൻലീഗ് രൂപതാ കമ്മിറ്റി മീറ്റിംഗ്

സി.എം.എൽ. ഫൊറോന ഡയറക്ടർമാരുടെയും രൂപതാ ഭാരവാഹികളുടെയും സമ്മേളനം മെയ് മാസം ആറാം തീയതി നടക്കുന്നതാണ്. എല്ലാ ഫറോനാ ഡയറക്ടർ അച്ചൻമാരും രൂപതാ ഭാരവാഹികളും കോർകമ്മിറ്റി അംഗങ്ങളും ഇതിൽ പങ്കെടുക്കണം. രാവിലെ 10.30 ന് ആരംഭിച്ച് ഒരു മണിയോടെ തീരുന്നതാണ്.

## ആന്ധ്ര മിഷൻ പ്രദേശ സന്ദർശനം

മിഷൻ ലീഗ് കുട്ടികളിൽ മിഷൻ പ്രദേശം സന്ദർശിക്കാൻ ആഗ്രഹമുള്ളവർക്കുവേണ്ടി ഏപ്രിൽ 28 മുതൽ 30 വരെയുള്ള തീയതികളിൽ ആന്ധ്രപ്രദേശത്തുള്ള ഒരു മിഷൻ പ്രദേശം സന്ദർശിക്കാം എന്ന് തീരുമാനിച്ചിരിക്കുന്നു. 27 ന് വൈകിട്ട് മംഗലാപുരത്തുനിന്ന് ട്രെയിൻ കയറും. വരാൻ താല്പര്യമുള്ളവർ ടിക്കറ്റിനു വേണ്ട പണം

കരുതണം എന്ന് അറിയിക്കുന്നു. അവിടെ മിഷൻ പ്രദേശം സന്ദർശിച്ച് സാധിക്കുന്ന ചെറിയ സഹായം നല്കാം എന്ന് ആഗ്രഹിക്കുന്നു. ഒരു ഫൊറോനയിൽനിന്നും രണ്ടുപേരെങ്കിലും വരാൻ പരിശ്രമിക്കുക. അധ്യാപകരും യുവജനങ്ങളും വരാൻ ആഗ്രഹിക്കുന്നെങ്കിൽ അവർക്ക് വരാവുന്നതാണ്. എല്ലാ യൂണിറ്റുകളിൽനിന്നും അവർക്ക് കൊടുക്കാൻ വേണ്ടി പറ്റുന്ന സഹായം നൽകണമെന്ന് അപേക്ഷിക്കുന്നു. വരാൻ ആഗ്രഹിക്കുന്നവർ ഏപ്രിൽ പത്തിന് മുമ്പായി പേര് വിവരങ്ങൾ നൽകേണ്ടതാണ്. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**പ്രവർത്തനം**

പഠിക്കുന്ന കുട്ടികളെല്ലാം നന്നായി പരീക്ഷയ്ക്ക് ഒരുങ്ങുക. ഒരു കാരണവശാലും കോപ്പി അടിക്കുകയില്ല എന്ന് പ്രതിജ്ഞയെടുക്കുക. പരീക്ഷ നന്നായി എഴുതാൻ ദൈവാനുഗ്രഹം ലഭിക്കാൻവേണ്ടി എല്ലാ ദിവസവും ഒരു വിശ്വാസപ്രമാണം ചൊല്ലി കാഴ്ചവയ്ക്കുകയും നമ്മുടെ എല്ലാ പ്രവർത്തനങ്ങളും ഇതിനായി സമർപ്പിക്കുകയും ചെയ്യുക.

**വചനം**

ദൈവത്തിന്റെ ശക്തമായ കരത്തിൻ കീഴിൽ നിങ്ങൾ താഴ്മയോടെ നിൽക്കുവിൻ. അവിടുന്ന് തക്ക സമയത്ത് നിങ്ങളെ ഉയർത്തിക്കൊള്ളും. - 1 പത്രോസ് 5:6.

**അനുസ്മരിക്കുന്ന തിരുനാൾ**

വിശുദ്ധ യൗസേപ്പ് - മാർച്ച് 19.

**സുകൃതജപം**

കുടുംബത്തിന്റെ കാവൽക്കാരനായ വി. യൗസേപ്പിതാവേ, ഞങ്ങളുടെ കുടുംബങ്ങളെ കാത്തുകൊള്ളണമേ.

# തിരുബാലസഖ്യം

**തിരുബാലസഖ്യദിനാചരണം**

എല്ലാ ഇടവകകളിലും നന്നായി ആഘോഷിച്ചതായി അറിയാൻ സാധിച്ചു. പല ഇടവകകളിൽ നിന്നും പോസ്റ്റ് ചെയ്ത ഫോട്ടോകളും വീഡിയോകളും കണ്ടു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും നന്ദി.

**പരീക്ഷയ്ക്കുവേണ്ടി ഒരുക്കം**

കുട്ടികളെല്ലാവരും വാർഷിക പരീക്ഷ നന്നായി എഴുതുവാൻ നന്നായി ഒരുങ്ങുക.

**വലിയ നോമ്പാചരണം**

മാർച്ച് മൂന്നാം തീയതി മുതൽ 50 നോമ്പിലേക്ക് നമ്മൾ പ്രവേശിക്കുകയാണ്. നോമ്പ് ദിവസങ്ങൾ വഴക്കടിക്കാതെ അനുസരണയുള്ളവരായി ജീവിച്ചുകൊണ്ട് പ്രാർത്ഥിച്ച് ഒരുങ്ങണം.

**പ്രവർത്തനം**

പരീക്ഷയ്ക്ക് വേണ്ടി നന്നായി ഒരുങ്ങുക. പരിശുദ്ധാത്മാ വിനോട് പ്രാർത്ഥിക്കുക.

**വചനം**

സാത്താന് നിങ്ങൾ അവസരം കൊടുക്കരുത്-എഫേസൂസ് 4:27.

**ഓർമിക്കേണ്ട തിരുനാൾ:** വി. യൗസേപ്പ് - മാർച്ച് 19.

**സുകൃതജപം**

ബോധജ്ഞാനത്തിന്റെ സിംഹാസനമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

## മിഷൻസണ്ടേ ഓഹരി നൽകിയവർ

7th Hosakote - 2000

# ബൈബിൾ അപ്പസ്തോലേറ്റ്

## ബൈബിൾ എഴുതുക

മാസത്തിൽ രണ്ട് അധ്യായംവീതം എഴുതിയാൽ വലിയ പ്രയാസംകൂടാതെ നവംബർ ആകുംബോഴേക്കും നമുക്ക് വി. യോഹന്നാൻ അറിയിച്ച സുവിശേഷം എഴുതിത്തീർക്കാൻ സാധിക്കും. ജനുവരിയിൽ 1,2 അധ്യായങ്ങളും ഫെബ്രുവരിയിൽ 3,4 അധ്യായങ്ങളും നിങ്ങൾ എഴുതി എന്ന് ഞാൻ വിശ്വസിക്കുന്നു. മാർച്ചിൽ 5,6 അധ്യായങ്ങൾ എഴുതുകയും കുട്ടികളെ എഴുതാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ.

50 നോമ്പ് കാലത്ത് വിശുദ്ധ യോഹന്നാന്റെ സുവിശേഷം ഒരു ദിവസം പകുതി അധ്യായം വീതം വായിക്കാൻ പരിശ്രമിക്കുക.

## വിശുദ്ധ യോഹന്നാൻ അറിയിച്ച സുവിശേഷം പഠിക്കാം

തുടർച്ച ...

**അദ്ധ്യായം 4: യേശുവും സമരിയക്കാരിയും:**

**സമരിയാക്കാർ (4:9):** ബി.സി. 721 ൽ അസ്സീറിയാക്കാർ വടക്കൻ പലസ്തീന കീഴടക്കി ഇസ്രായേൽക്കാരെ നാടുകടത്തുകയും ബലംപ്രയോഗിച്ച് വിദേശികളെ ഇസ്രായേലിൽ പുനരധിവസിപ്പിക്കുകയും ചെയ്തു (2 രാജാ 17:6, 24-41). അവരുമായി വിവാഹബന്ധങ്ങളിൽ ഏർപ്പെട്ട് സങ്കര ജനതയായി മാറിയ ഇസ്രായേൽക്കാർ (സമരിയാക്കാർ) വിജാതീയ ജനതയുടെ ആചാര അനുഷ്ഠാനങ്ങൾ അഭ്യസിച്ച് തങ്ങളെതന്നെ കളങ്കപ്പെടുത്തി. യേശുവിന്റെ കാലത്ത് യഹൂദരും സമരിയാക്കാരും തമ്മിലുള്ള ശത്രുത വളരെ പ്രകടമായിരുന്നു. ജെറുസലേമിനോട് കനത്ത ശത്രുത പുലർത്തിയിരുന്നവരാണ് സമരിയക്കാർ (ലൂക്കാ 9:53). പരസ്പരം യാതൊരു സമ്പർക്കവും ഇല്ലാതിരിക്കാൻ ഇരു കൂട്ടരും ദത്തശ്രദ്ധരായിരുന്നു. പേർഷ്യൻ ഭരണകാലത്ത് സമരിയക്കാർ ഗെരിസിം മലയിൽ ദേവാലയം പണിതെങ്കിലും ബി.സി. 128 ൽ യഹൂദർ ഇത് തകർത്തത് ഈ സമൂഹങ്ങൾതമ്മിലുള്ള വിദ്വേഷം രൂക്ഷമാക്കി.

**4:4 - കടന്നുപോകേണ്ടിയിരുന്നു:** ഭൂമിശാസ്ത്രപരമായ കാരണം കൊണ്ടല്ല; പിതാവിനാൽ നൽകപ്പെട്ട ദൗത്യം നിർവഹിക്കുന്നതിന്റെ ഭാഗമായാണ് യേശുവിന് ഈ വഴിയെ പോകേണ്ടിവന്നത് എന്ന് കാണിക്കുന്നു. യഹൂദരും സമരിയാക്കാരും തമ്മിൽ നിലനിന്നുപോന്ന സ്പർദ്ധ മൂലം സാധാരണയായി യൂദയായിൽനിന്ന് ഗലീലിയിലേക്ക് സമരിയ പ്രദേശം ഒഴിവാക്കി, ജോർദാൻ നദിക്ക് അപ്പുറമുള്ള ദുർഘടവും ദൈർഘ്യമേറിയതും ആയ പാതവഴിയായിരുന്നു യഹൂദർ യാത്ര ചെയ്തിരുന്നത്.

**4:6 - യാക്കോബിന്റെ കിണർ:** പഴയ നിയമത്തിൽ കിണറ്റിൻകരയിലെ ചില കണ്ടുമുട്ടലുകൾ വിവാഹത്തിലാണ് കലാശിക്കുന്നത്. റബേക്ക അബ്രഹാമിന്റെ സേവകനെയും (ഉല്പത്തി 24: 1-67), യാക്കോബ് റാഹേലിനെയും (ഉല്പത്തി 29:7), മോശ സിപ്പോറയെയും (പുറപ്പാട് 2: 15-22) കിണറ്റിൻകരയിലാണ് കണ്ടുമുട്ടുന്നത്. ഈ സുവിശേഷത്തിൽ ദൈവീക മണവാളനായ യേശു തന്റെ ഉടമ്പടി വധു ആകേണ്ട വിശ്വാസികളെ തേടി കിണറ്റിൻകരയിൽ എത്തുകയാണ് (3:29). കിണർ

തന്നെയും ജീവജലത്തിന്റെ ഉറവയായ ദൈവത്തിന്റെ പ്രതീകമാകാം (ജറെമിയ 2:13). **ആറാം മണിക്കൂർ:** നട്ടുച്ച സമയം.

4:9 **-യഹൂദനായിരിക്കെ ....** : മതാചാരപരമായി സമരിയ സ്ത്രീകൾ അശുദ്ധരാണ് എന്ന് യഹൂദർ കരുതിയിരുന്നതുകൊണ്ട് അവർ കൈകാര്യം ചെയ്ത പാത്രങ്ങളിലെ വെള്ളം അവർ ഉപയോഗിച്ചിരുന്നില്ല. യഹൂദ പുരുഷന്മാർ പൊതുസ്ഥലങ്ങളിൽ വച്ച് അപരിചിതരായ സ്ത്രീകളുമായി സംഭാഷണത്തിൽ ഏർപ്പെടുകയോ (4:27), സമരിയക്കാരുമായി ഭക്ഷണപാനീയങ്ങൾ പങ്കിടുകയോ (4:7) ചെയ്തിരുന്നില്ല. ഈ ആചാരങ്ങളെയെല്ലാമാണ് യേശു ഇവിടെ മറികടക്കുന്നത്.

**4:10 – ദൈവദാനം:** ദൈവത്തിൽ നിന്നുള്ള ദാനമെന്ന് മനസ്സിലാക്കിയാൽ ജീവൻ നൽകുന്ന യേശുവിനെതന്നെയാണ് ഇവിടെ യോഹന്നാൻ ഉദ്ദേശിക്കുന്നത്. പുതിയ നിയമത്തിൽ മറ്റിടങ്ങളിൽ ദൈവദാനത്തിന് രക്ഷ എന്നും (2 കോറി 9:15), പരിശുദ്ധാത്മാവെന്നും (അപ്പ 2:38), ദൈവവചനം എന്നും (യാക്കോബ് 1:17) അർത്ഥമുണ്ട്.

**4:10 – ജീവജലം:** പല പ്രവാചക ലിഖിതങ്ങളും ദൈവകൃപയെ ജീവൻ നൽകുന്ന ജലമായാണ് ചിത്രീകരിക്കുന്നത് (ഏശയ്യ 12:3, 44:37, എസെ 47:1-12, സഖ 14:8). ജീവജലത്തെ മനുഷ്യരെ നിത്യജീവനിലേക്ക് നയിക്കുന്ന ജ്ഞാനസ്നാന ജലത്തോട് ക്രിസ്തീയ പാരമ്പര്യം സാമ്യപ്പെടുത്തുന്നു. പൗലോസ് അപ്പസ്തോലന്റെ വിവരണത്തിൽ ജ്ഞാനസ്നാനം ആത്മാവിൽ നിന്നും പാനം ചെയ്യലാണ്. (1 കോറി 12: 13)

**4:14 – ഞാൻ നൽകുന്ന ജലം:** 4:10 ൽ  ജീവജലം വർത്തമാനകാല ദാനമായി യേശുവിനെ സൂചിപ്പിക്കുമ്പോൾ (5:24), ഇവിടെ ഭാവിയിലെ ദാനമായ പരിശുദ്ധാത്മാവിനെ അവതരിപ്പിക്കുന്നു (7:37-39). യേശുവിന്റെ മഹത്വീകരണത്തിന് ശേഷമാണ് പരിശുദ്ധാത്മാവ് നൽകപ്പെടുന്നത്. മാംസം ധരിച്ച വചനമായ യേശുവിനെ സ്വീകരിച്ച് പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുമ്പോൾ മാത്രമാണ് സമ്മരിയാക്കാരിയുടെ ദാഹം ശമിക്കുന്നത്.

**4:18 – അഞ്ചു ഭർത്താക്കന്മാർ:** അഞ്ചു വിദേശ ഗോത്രങ്ങൾ വടക്കൻ പലസ്തീനായിലെ ഇസ്രായേല്യരുമായി വിവാഹബന്ധങ്ങളിൽ ഏർപ്പെടുകയും അവരുടെ അഞ്ചു ദേവന്മാരെ ഇസ്രായേൽക്കാർക്ക്

ഇടയിൽ പ്രചരിപ്പിക്കുകയും ചെയ്തു (2 രാജാ 17:24-31). ഈ വിഗ്രഹങ്ങൾ ബാൽ എന്ന പേരിലാണ് അഭിസംബോധന ചെയ്യപ്പെട്ടിരുന്നത്. ബാൽ എന്ന പദത്തിന് നാഥൻ, ഭർത്താവ് എന്നീ രണ്ട് അർത്ഥങ്ങളുണ്ട്. 5 ഭർത്താക്കന്മാർ സമരിയാക്കാർ വണങ്ങിയിരുന്ന അഞ്ചു ദേവന്മാരെ ആകാം സൂചിപ്പിക്കുന്നത്. ഇപ്പോഴുള്ളവൻ ഭർത്താവല്ല എന്ന് പറയുമ്പോൾ അവൻ ആറാമത്തവനാണ് എന്ന ധ്വനിയുണ്ട്. ഏഴാമത്തവൻ ആണ് യേശു. എല്ലാ ദാഹവും അവനിലാണ് ശ്രമിക്കുന്നത്.

**4:20 – ഈ മലയിൽ:** ജെറുസലേമിലെ സിയോൻ മലക്ക് ബദലായി സമരിയാക്കാർ എബാൽ / ഗെരിസിം മലയിൽ ആണ് ആരാധിച്ചിരുന്നത്. ഇവിടെ നിർമിച്ച ദേവാലയം നശിപ്പിക്കപ്പെട്ടുവെങ്കിലും അവിടെ ഉള്ള ആരാധന അവർ തുടർന്നിരുന്നു.

**4:22 – നിങ്ങൾ അറിയാത്തതിനെ ആരാധിക്കുന്നു:** പഞ്ചഗ്രന്ഥം മാത്രം അംഗീകരിച്ചിരുന്ന സമരിയക്കാരുടെ ദൈവത്തെക്കുറിച്ചുള്ള അറിവ് അപൂർണമായിരുന്നു. ഇസ്രായേലിന്റെ ദൈവവിശ്വാസവും വിജാതീയരുടെ വിഗ്രഹാരാധനയും കൂടിക്കലർന്ന സമരിയാക്കാരുടെ ആരാധനയും അപൂർണ്ണമാണ്.

**4:23 – ആത്മാവിലും സത്യത്തിലും:** ആത്മാവ് പരിശുദ്ധാത്മാവും സത്യം യേശുമാണ് (14:6, 17:17). പരിശുദ്ധാത്മാവിൽ പുത്രനിലൂടെ പിതാവിനെ ആരാധിക്കുക എന്നതാണ് ഇവിടെ അർത്ഥമാക്കുന്നത്. ദൈവമക്കൾ ആക്കുന്ന ആത്മാവിനെ (1:12,13) സ്വന്തമാക്കിയവർക്കു മാത്രമേ ദൈവത്തെ പിതാവായി ആരാധിക്കാൻ കഴിയൂ. ആത്മാവിലൂടെയാണ് ദൈവം അവർക്ക് ഉന്നതത്തിൽനിന്ന് ജന്മം നൽകുന്നത് (3:3-5). **ഇപ്പോൾ തന്നെയാണ്:** യേശുവിൽ ഈ ആരാധനയുടെ സമയം ആഗതമായി എന്ന് വ്യക്തം.

**4:26 – ഞാൻ തന്നെയാണ് അവൻ:** പഴയനിയമത്തിൽ ഞാൻ ഞാനാകുന്നു എന്ന യാഹ്‌വേയുടെ വിശേഷണമാണിത് (പുറപ്പാട് 3:14). മിശിഹാ എന്ന് യേശു സ്വയം പ്രഖ്യാപിക്കുന്നത് ഇവിടെയും തന്റെ വിചാരണ വേളയിലുമാണ് (മർക്കോസ് 14:61,62). ഞാൻ ആകുന്നു (യോഹ 6:35)

**4:29 –** ഇവളുടെ സാക്ഷ്യത്തിൽ മൂന്ന് തലങ്ങളുണ്ട്: 1. തന്റെ അനുഭവം പങ്കുവയ്ക്കുന്നു; 2. അനുഭവിച്ചറിഞ്ഞത് വന്നു കാണാൻ ക്ഷണിക്കുന്നു;

(1:37–39, 46); 3. ഇവൻ തന്നെയല്ലേ ക്രിസ്തു എന്ന ഗ്രാമവാസികളോടുള്ള ചോദ്യംവഴി യേശുവിനെ കണ്ടെത്താനുള്ള ആഗ്രഹം അവരിൽ ജനിപ്പിക്കുന്നു.

**4:34 – എന്റെ ഭക്ഷണം:** യേശുവിന് ലഭിച്ച ദൈവീക ദൗത്യത്തിന്റെ പ്രതീകമാണ് ഇവിടെ ഭക്ഷണം.

**4:35 – കൊയ്ത്ത്:** മത്തായിയുടെ സുവിശേഷത്തിൽ കൊയ്ത്തിന്റെ ഉപമകൾ (അധ്യായം 23) അന്ത്യദിനത്തിലെ വിളവെടുപ്പിനെ സൂചിപ്പിക്കുമ്പോൾ യോഹന്നാൻ യേശുവിന്റെ കാലത്തുതന്നെയുള്ള വിളവെടുപ്പിനെ സൂചിപ്പിക്കുന്നു. ഇപ്പോൾ തന്നെ എന്ന് പറയുമ്പോൾ വിതച്ച ഈ ദിവസം തന്നെ വിളവ് പാകമായി എന്നർത്ഥം. സമരിയാക്കാരി സ്ത്രീയോട് യേശു പറഞ്ഞ വചനം വഴി സമരിയായിലെ ജനങ്ങൾ മാനസാന്തരപ്പെടാനും സ്വർഗ്ഗരാജ്യത്തിലേക്ക് ശേഖരിക്കപ്പെടാനും ഇടയായിരിക്കുന്നു (അപ്പ 8:4–25, വെളി 14:14–16).

**4:39 – ആ സ്ത്രീയുടെ സാക്ഷ്യം മൂലം:** സമരിയാക്കാരി ഇവിടെ യേശുവിനു സാക്ഷ്യം നൽകുന്ന ആദ്യ പ്രേഷിതയായി അവതരിപ്പിക്കപ്പെടുന്നു. യേശുവിനെ കണ്ടെത്തുന്ന അവളിൽ വിപ്ലവാത്മകമായ മാറ്റങ്ങൾ ഉണ്ടാകുന്നു എന്നു മാത്രമല്ല, അനേകരെ ഈ അനുഭവത്തിലേക്ക് അവൾ ആനയിക്കുകയും ചെയ്യുന്നു.

**4:40 – വസിക്കണമെന്ന്:** വസിക്കുക എന്നത് ഈ സുവിശേഷത്തിൽ പ്രധാന പ്രമേയമാണ്. യേശുവുമായുള്ള വ്യക്തിപരമായ ബന്ധവും ഐക്യവുമാണ് ഇത് അർത്ഥമാക്കുന്നത്.

**4:48 – അടയാളങ്ങളും അദ്ഭുതങ്ങളും:** അടയാളങ്ങളെ അടിസ്ഥാന മാക്കി വിശ്വസിക്കുന്നവരെ ശാസിക്കുന്നതാണ് ഈ വചനം. കൂടാതെ യേശുവിറപഖ പ്രവർത്തികൾ മനുഷ്യരുടെ പ്രതീക്ഷളല്ല, അവിടുത്തെ ഹിതം അടിസ്ഥാനമാക്കിയാണെന്നും സൂചിപ്പിക്കുന്നു. (2:3,4). അടയാളങ്ങൾ (യോഹ2:11).

**4:52 – ഏഴാം മണിക്കൂർ:** ഉച്ചകഴിഞ്ഞ് ഏകദേശം ഒരു മണി സമയം.

**5:2 – അജകവാടം:** ദേവാലയത്തിലെ ബലികൾക്ക് ആവശ്യമായ ആടുകളെ കൊണ്ടുവരാനായി ജെറുസലേമിന്റെ വടക്കുകിഴക്കൻ മതിലിൽ ഉണ്ടായിരുന്ന ഒരു പ്രവേശന കവാടം (നെഹമിയ 3:1).

**5:5 – 38 വർഷമായി:** രോഗത്തിന്റെ ഈ ദൈർഘ്യം ഇസ്രായേൽ ജനം

കാദേഷിൽവച്ച് ദൈവത്തിനെതിരായി തിരിഞ്ഞശേഷം മരുഭൂമിയിൽ 38 വർഷം അലഞ്ഞുതിരിഞ്ഞ കാലയളവിനെ സൂചിപ്പിക്കുന്നു (സംഖ്യ 13:25 – 14:11, നിയമാവർത്തനം 2:14)

5:10 – യഹൂദറബ്ബിമാർ രോഗത്തെ ദൈവശിക്ഷയായി കരുതിയിരുന്നപ്പോഴാണ്, യേശു സൗഖ്യം നൽകി രോഗവും ദൈവശിക്ഷയും തമ്മിൽ ബന്ധമില്ലെന്ന് സ്ഥാപിക്കുന്നത്. യേശുവിനെ തിരസ്കരിക്കുന്നവരാണ് ഇവിടെ യഹൂദർ എന്ന് വിശേഷിപ്പിക്കപ്പെടുന്നത്. യേശു രോഗിയെ സൗഖ്യപ്പെടുത്തി എന്നതല്ല ഇവിടെ പ്രധാന പ്രശ്നം, സുഖപ്പെട്ടവൻ കിടക്കയെടുത്ത് നടന്നു എന്നതാണ്. ഇതുപോലുള്ള സാബത്തുലംഘനങ്ങൾ (ജറെ 14:21) അന്നാളുകളിൽ യഹൂദ സമൂഹത്തിന്റെതന്നെ അടിത്തറ ഇളക്കുന്നതായി കരുതപ്പെട്ടിരുന്നു.

**5:18 – ദൈവതുല്യനാക്കി**: ദൈവത്തെ പിതാവ് എന്ന് വിളിക്കുന്നത് വഴി താൻ ദൈവപുത്രൻ ആണെന്നുള്ള യേശുവിന്റെ പ്രഖ്യാപനം യഹൂദ അധികാരികളെ പ്രകോപിപ്പിക്കുകയും അത് യേശുവിനെ കുരിശു മരണത്തിലേക്ക് നയിക്കുകയും ചെയ്തു. തന്റെ ദൈവിക പുത്രത്വം എതിർപ്പുകളെയെല്ലാം അവഗണിച്ച് പ്രഖ്യാപിക്കുന്ന യേശുവിന്റെ ഈ മാതൃക ആദിമ ക്രിസ്ത്യാനികൾക്ക് മതപീഡനങ്ങൾക്കിടയിലും അവിടുത്തെ ദൈവമായി ഏറ്റുപറയാൻ പ്രേരകമായി.

**5:22 – വിധി**: പുത്രന്റെ വിധി ജീവനും മരണവും തമ്മിലും രക്ഷയും ശിക്ഷയും തമ്മിലും വേർതിരിക്കുന്നു. പുത്രനോട് അനുകൂലമായി പ്രത്യുത്തരിക്കുന്നവരെ അവിടുന്ന് ജീവനിലേക്കും രക്ഷയിലേക്കും പ്രവേശിപ്പിക്കുന്നു. രക്ഷയ്ക്കും ശിക്ഷയ്ക്കും നിർണ്ണായകമായി തീരുന്നതിനാലാണ് പുത്രൻ വിധിയാളനാകുന്നത്.

**5:24 – മരണത്തിൽ നിന്നു ജീവനിലേക്ക്**: പാപത്താൽ ഗ്രസിക്കപ്പെട്ടവരെ ദൈവീക കുടുംബത്തിലെ ജീവന്റെ പങ്കാളികളാക്കി മാറ്റുന്നു എന്നതാണ് ഇവിടെ സൂചന (റോമാ 5:12 – 21, നിയമാവർത്തനം 30:15–20, എഫെ 2:1–5). ദൈവത്തിൽ വിശ്വസിക്കുന്നവർ ഇപ്പോൾതന്നെ ജീവനിൽ പങ്കാളികളാകുന്നു. യോഹന്നാൻ ഊന്നൽ കൊടുക്കുന്ന നിറവേറ്റപ്പെട്ട യുഗാന്ത ജീവിതമാണ് ഇവിടെ സൂചിതം (റിയലൈസ്ഡ് എസ്കത്തോളജി).

**5:28,29** – ഈ വാകൃങ്ങൾ ഭാവിയിൽ നിറവേറുന്ന യുഗാന്ത ജീവിതത്തിന്റെ (ഫ്യൂച്ചർ എസ്കത്തോളജി) ഭാഷയിൽ ഉയിർപ്പും

വിധിയും വിവരിക്കുന്നു. 24, 25 - ൽ വിവരിച്ച നിറവേറ്റപ്പെട്ട യുഗാന്ത ജീവിതത്തിന്റെ മറുവശം ആണിത്. യേശുവിന്റെ വചനത്തെ അടിസ്ഥാനമാക്കിയുള്ള ഓരോ വ്യക്തിയുടെയും ഇന്നത്തെ തീരുമാനങ്ങൾ അവരുടെ ഭാവിയെ നിർണയിക്കുന്നു (5:29). വിശ്വാസികളുടെ ഇപ്പോഴുള്ള ജീവിതത്തിന്റെ കേന്ദ്രബിന്ദുവായ യേശു തന്നെയായിരിക്കും അവരുടെ ഭാവിയുടെയും കേന്ദ്രം.

**5:38 -** യേശുവിലുള്ള വിശ്വാസത്തിലൂടെ ദൈവത്തിൽ എത്തിച്ചേരുന്നതാണ് യോഹന്നാന്റെ ദൈവശാസ്ത്രത്തിന്റെ കാതൽ എന്ന് ഈ വാക്യം സൂചിപ്പിക്കുന്നു (14: 6-9). ഇവിടെ വചനം ദൈവത്തിന്റെ വചനം എന്നും വചനമായ യേശു എന്നും അർത്ഥമുണ്ട്.

**5:39 - സൂക്ഷ്മ പരിശോധന നടത്തുന്നു:** റബ്ബിമാരുടെ വിശുദ്ധ ഗ്രന്ഥ പഠനത്തെ സൂചിപ്പിക്കുന്ന പദപ്രയോഗം ആണിത്. ഇവിടെ യോഹന്നാന്റെ പരിഹാസോക്തി കാണാം. യഹൂദർ അന്വേഷിക്കുന്ന ജീവൻ ലിഖിതങ്ങളിൽ ഉണ്ടെങ്കിലും അത് അവർ നിഷേധിക്കുന്നു. ആദിമ നൂറ്റാണ്ടിൽ യഹൂദരും ക്രിസ്ത്യാനികളും തമ്മിൽ വിശുദ്ധ ഗ്രന്ഥ വ്യാഖ്യാനത്തെ ചൊല്ലി നിലനിന്നിരുന്ന അഭിപ്രായവ്യത്യാസം ഇവിടെ ഒളിഞ്ഞിരിക്കുന്നുണ്ട്.

**5:46 - എന്നെ കുറിച്ചാണ് അവൻ എഴുതിയിരിക്കുന്നത്:** പഞ്ച ഗ്രന്ഥിയുടെ രചയിതാവ് മോശമാണെന്നുള്ള യഹൂദ പാരമ്പര്യം യേശുവും പിന്തുടരുകയാണ്. മിശിഹായെ രക്ഷകനായും (ഉല്പത്തി 3:15) സർവജനപദങ്ങളുടെയും രാജാവായും (ഉല്പത്തി 49:10) തന്നെപ്പോലെയുള്ള പ്രവാചകനായും (നിയമാവർത്തനം 18:15-19) മോശാ വർണിച്ചിരുന്നു.

തുടരും ...

**Fr. Joseph Mattam**
Director
Apostolates of Bible & Catechesis

## FAMILY APOSTOLATE

### A. Chennai Pilgrimage Conducted

Places : Mialapur, Veilankanny and Poondimatha Churches

Dates : 24th to 28th February, 2025

Participants : 25 Members

### B. MGC: Marriage Guidance Course

Date : 14th to 16 March, 2025

Duration : 14th Friday 9 am to 16th Sunday 4pm

Fees : 2000/-

Venue : Jnananilaya, Pastoral center, Belthangady

## YOUTH APOSTOLATE

### A. SMYM / ICYM General Body:

Date : On 9th March, 2025

Time : 9 am to 4 pm

Participants : Forane Directors, Parish Animators, Parish Executives/ Parish Office Bearers

Venue : Jnananilaya, Pastoral center, Belthangady

Agenda : Discuss on Year Plan specially on sports and cultural competitions

**NB:** Our Bishop will be celebrating Holy Mass for our Youth

### B. SMYM SURVEY:

In February, we announced plans to conduct a survey of youths in our diocese. This initiative aims to:

1. Identify the total number of youths in our diocese.
2. Determine the number of unemployed youths.
3. Provide guidance and support to secure suitable employment opportunities for their future.
4. Link is shared in different groups.

We kindly request the assistance of our priests and responsible individuals to help conduct this survey. Your participation is invaluable in helping us understand the needs of our youths and provide them with necessary support.

## C. Medical and Blood Donation Camp @ Mundaje

On February 9th, St. Mary's Church, Mundaje, in collaboration with the Syro-Malabar Youth Movement (SMYM), organized a successful medical camp and blood donation drive on the church premises. Approximately 10 departments of doctors from Father Muller's Hospital, Mangalore, provided free medical check-ups to over 300 people. Additionally, more than 25 youths from the diocese generously donated blood.

I extend my heartfelt gratitude to the Parish Priest, parishioners, and all the youths who participated in the blood donation drive. Your selfless contributions have made a significant impact on the lives of those in need. Thank you!"

## D. Lenten Season Celebration:

The youth of our diocese are planning to observe the Lenten season in a unique and meaningful way. Here are the details:

- **Lenten Season Begins:** Our Lenten season commences on March 3rd.
- **Fasting:** We encourage everyone to observe fasting during this period, as a means of spiritual reflection and renewal.
- **Friday Fasting:** Specifically, we will observe fasting every Friday, in commemoration of Christ's sacrifice.
- **Confession:** We invite everyone to make their confession before Maundy Thursday, as a means of seeking forgiveness and spiritual cleansing.
- **Way of the Cross:** On the 40th Friday, we will participate in the Way of the Cross procession to Devagiri Hill, wearing black uniforms as a symbol of our devotion and solidarity.

Let us come together to observe this sacred season with prayer, reflection, and devotion

# MATHRUVEDI

## 1. Grand Parents Day Celebration:

മാർച്ച് 19-ാം തീയതി വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ആഘോഷിക്കുകയാണല്ലോ അതുകൊണ്ട് മാർച്ച് മാസം നമ്മുടെ ഇട വകയിലെ മുതിർന്ന മാതാപിതാക്കളെ ആദരിക്കുവാനും അവർക്ക് പ്രോത്സാഹനം നൽകുവാനും സമയവും അവസരവും കണ്ടെത്തണ മെന്ന് മാതൃവേദി അംഗങ്ങളായ എല്ലാ അമ്മമാരെയും സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു.

**2. ഏലീശ്വാ സന്ദർശനം:**

ഫെബ്രുവരി മാസത്തിലെ കർമ്മ പദ്ധതിയിൽ ഇടവകയിലെ മാതൃ വേദി അംഗങ്ങൾ ഗർഭിണികളായ സ്ത്രീകളെ കണ്ട് സ്നേഹാശംസ കൾ നടത്തി പ്രാർത്ഥിച്ച അവർക്ക് വേണ്ട സഹായസഹകരണങ്ങൾ ചെയ്ത ഇടവകകളിലെ എല്ലാ അമ്മമാർക്കും രൂപതയുടെ പേരിൽ സ്നേഹവും നന്ദിയും അറിയിക്കുന്നു.

**Fr. Joby Thomas Pulattu**
Director, Family & Youth Apostolates

# ಕೆ.ಎಸ್.ಎಂ.ಸಿ.ಎ. ವಾರ್ತೆಗಳು

**ಇಂಟರ್ ಪ್ಯಾರಿಷ್ ವಾಲಿಬಾಲ್ ಟೂರ್ನಮೆಂಟ್ ಹಾಗೂ ಹಗ್ಗ ಜಗ್ಗಾಟ :**

28–12–2024 ಇಂಟರ್ ಪ್ಯಾರಿಷ್ ವಾಲಿಬಾಲ್ ಟೂರ್ನಮೆಂಟ್ ಹಾಗೂ ಹಗ್ಗ ಜಗ್ಗಾಟ ನಡೆಸಲಾಗಿತ್ತು. ತೋಟತ್ತಾಡಿ ಸಂತ ಸಾವಿಯೋ ಶಾಲಾ ಮೈದಾನದಲ್ಲಿ ನಡೆದ ಕಾರ್ಯಕ್ರಮ ಶಾಲಾ ಮುಖ್ಯ ಶಿಕ್ಷಕಿ ಸಿ. ಮರಿಯ ಉದ್ಘಾಟನೆ ಮಾಡಿದರು. ಸಂಜೆ ನಡೆದ ಬಹುಮಾನ ವಿತರಣಾ ಕಾರ್ಯಕ್ರಮ ಧರ್ಮಾಧ್ಯಕ್ಷರಾದ ಅತೀ. ವಂ. ಲಾರೆನ್ಸ್ ಮುಕ್ಕುಯಿ ನಿರ್ವಹಿಸಿದರು.

ಕ್ರಿಸ್ಮಸ್ ಕಪ್ ಪಂದ್ಯಾವಳಿಯನ್ನು ದಿನಾಂಕ 28–12–2024 ರಂದು ಕೇಂದ್ರ ಸಮಿತಿ ನಿರ್ದೇಶಕರಾದ ರೆ. ಪಾ. ಆದರ್ಶ್ ಜೋಸೆಫ್ ಪುದಿಯಿಡತ್ತ್, ಅಧ್ಯಕ್ಷರಾದ ಬಿಟ್ಟಿ ನೆಡುನಿಲಂ, ಪಂದ್ಯಾವಳಿ ಕೋರ್ಡಿನೇಟರ್ ಜಾರ್ಜ್ ಟಿ.ವಿ ನೇತೃತ್ವದಲ್ಲಿ ಕೇಂದ್ರ ಸಮಿತಿ ಸದಸ್ಯರು ಮತ್ತು ಫೋರೋನಾ ಹಾಗೂ ಪ್ರೈಮರಿ ಸಮಿತಿಗಳ ಅಧ್ಯಕ್ಷರುಗಳ ಮತ್ತು ಸದಸ್ಯರುಗಳ ಸಹಕಾರದೊಂದಿಗೆ ಯಶಸ್ವಿಯಾಗಿ ನಡೆಸಲಾಯಿತು. ವಾಲಿಬಾಲ್ ಪಂದ್ಯಾಟದಲ್ಲಿ ಪ್ರಥಮ ಸ್ಥಾನವನ್ನು ಸೈಂಟ್ ಸೆಬಾಸ್ಟ್ಯನ್ ಚರ್ಚ್ ಕಳಂಜ, ದ್ವಿತೀಯ ಸ್ಥಾನವನ್ನು ಸೈಂಟ್ ಆ್ಯಂಟನಿ ಚರ್ಚ್ ತೋಟತ್ತಾಡಿ, ತೃತೀಯ ಸ್ಥಾನವನ್ನು ಜಡ್ಕಲ್ ಫೊರೊನಾ ಪಡೆದುಕೊಂಡರು. ಪುರುಷರ ಹಗ್ಗ – ಜಗ್ಗಾಟ ಸ್ಪರ್ಧೆಯಲ್ಲಿ ಪ್ರಥಮ ಬಟ್ಯಾಲ್, ದ್ವಿತೀಯ ಮುದೂರು, ತೃತೀಯ ಬಜಗೋಳಿ ಪಡೆದುಕೊಂಡರು. ಮಹಿಳೆಯರ ಹಗ್ಗ – ಜಗ್ಗಾಟ ಸ್ಪರ್ಧೆಯಲ್ಲಿ ಪ್ರಥಮ ಬಜಗೋಳಿ, ದ್ವಿತೀಯ ತೋಟತ್ತಾಡಿ, ತೃತೀಯ ಧರ್ಮಸ್ಥಳ ಪಡೆದುಕೊಂಡರು. ರಾಬಿನ್ ಹಾಗೂ ವಿಜೇಶ್ ಕಾರ್ಯಕ್ರಮ ನಿರೂಪಿಸಿದರು.

**ವಂ. ಫಾ. ಆದರ್ಶ್ ಜೋಸಫ್**
ನಿರ್ದೇಶರು, ಕೆ.ಎಸ್.ಎಂ.ಸಿ.ಎ.

# ಸಮಾಜ ಸೇವಾ ವಿಭಾಗ

**ನವಜೀವನ ಹೆಚ್.ಐ.ವಿ/ಏಡ್ಸ್ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ಕಾರ್ಯಕ್ರಮ:**

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ (ರಿ) ಬೆಳ್ತಂಗಡಿ ಸಂಸ್ಥೆಯು ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮತ್ತು ಬಾಧಿತರಿಗೋಸ್ಕರ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ನೀಡುವ ಕಾರ್ಯಕ್ರಮವನ್ನು ನಡೆಸುತ್ತಿದೆ.

ದಿನಾಂಕ 15.02.2025 ರಂದು ನವಜೀವನ ಆರೈಕೆ ಹಾಗೂ ಬೆಂಬಲ ಕೇಂದ್ರದ ಮಾಸಿಕ ಬೆಂಬಲ ಸಭೆಯನ್ನು ಬೆಳ್ತಂಗಡಿ ಸಾಂತೋಮ್ ಟವರ್‌ನಲ್ಲಿ ನಡೆಯಿತು. ಮುಖ್ಯ ಅತಿಥಿಯಾಗಿ ಯುನೈಟೆಡ್ ಇಂಡಿಯ ಇನ್ಶೂರೆನ್ಸ್ ಕಂಪೆನಿ ಲಿಮಿಟೆಡ್ ಬೆಳ್ತಂಗಡಿ ಇದರ ನಿವೃತ ಆಡಳಿತ ಅಧಿಕಾರಿ ಬಿ. ಶೇಖುನ್ಹಿ ಆಗಮಿಸಿ ಕಾರ್ಯಕ್ರಮಕ್ಕೆ ಶುಭ ಹಾರೈಸಿದರು. ಉಜಿರೆ ಚರ್ಚಿನ ಸೈಂಟ್ ವಿನ್ಸೆಂಟ್ ಡಿ ಪೌಲ್ ಸಂಘಟನೆಯ ಅಧ್ಯಕ್ಷರು ಹಾಗೂ ಪದಾಧಿಕಾರಿಗಳು ಆಗಮಿಸಿ ಕಾರ್ಯಕ್ರಮಕ್ಕೆ ಶುಭ ಹಾರೈಸಿ ರೂ. 10,000/- ಧನ ಸಹಾಯ ವಿತರಿಸಿದರು.

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ.ಫಾ. ಬಿನೋಯಿ ಎ.ಜೆ.ರವರು ಪ್ರಾಸ್ತಾವಿಕವಾಗಿ ಮಾತನಾಡಿದರು. ಅರ್ಥಿಗಳಿಗೆ ಪೌಷ್ಟಿಕ ಆಹಾರದ ಕಿಟ್ ವಿತರಿಸಲಾಯಿತು. ಈ ತಿಂಗಳಿನಲ್ಲಿ ಒಟ್ಟು ರೂ. 10,000 /- ಈ ಯೋಜನೆಗೆ ಸಂಗ್ರಹವಾಗಿದೆ.

ಸಮೃದ್ಧಿ ಯೋಜನೆ:

ಕ್ರಾಸ್ ಸಂಸ್ಥೆ ಬೆಂಗಳೂರು ನೇತೃತ್ವದಲ್ಲಿ ಈ ಯೋಜನೆಯುನ್ನು ಅನುಷ್ಟಾನಗೊಳಿಸಲಾಗುತ್ತಿದ್ದು ಸ್ವ-ಸಹಾಯ ಸಂಘದ ಮಹಿಳೆಯರಿಗೆ ಆದಾಯೋತ್ಪನ್ನ ಚಟುವಟಿಕೆಗಳನ್ನು ಆರಂಭಿಸಲು ಈ ಯೋಜನೆಯ ಮೂಲಕ ಸಾಲವನ್ನು ನೀಡಲಾಗುತ್ತದೆ.

ದಿನಾಂಕ 13.02.2025 ರಮದು ಎಂಜಿರ ಜನನಿ ಸಂಘಕ್ಕೆ ಯೋಜನಾ ಸಂಯೋಜಕಿ ಕು. ಶ್ರೇಯಾರವರು ಆದಾಯ ಉತ್ಪನ್ನ ಚಟುವಟಿಕೆಯ ಬಗ್ಗೆ ತರಬೇತಿ ನೀಡಲಾಯಿತು.

ಕ್ರಾಸ್ ಸಂಸ್ಥೆಯ ನೇತೃತದಲ್ಲಿ ನಡೆಸಲ್ಪಡುವ ಫಲಾನುಭವಿಗಳ ಮಾನದಂಡಗಳ

ಆಧಾರವಗಿ ಒಟ್ಟು 10 ಮಂದಿ ಫಲಾನುಭವಿಗಳ ಹೆಸರನ್ನು ಕ್ರಾಸ್ ಸಂಸ್ಥೆಗೆ ನೀಡಲಾಯಿತು.

ಸಾಲ ಪಡೆದುಕೊಂಡ ಸದಸ್ಯರು ಅದನ್ನು ಕ್ರಮಬದ್ಧವಾಗಿ ಮರುಪಾವತಿ ಮಾಡುತ್ತಿದ್ದಾರೆ. ಪ್ರಸ್ತುತ ರೂ. 15,13,835/- ಹೊರಬಾಕಿ ಸಾಲ ಇದೆ.

ಮಹಿಳಾ ಸಬಲೀಕರಣ ಯೋಜನೆ:

ಮಿಸೆರಿಯೋರ್ ಪ್ರಾಯೋಜಿತ ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮವು ಕ್ರಾಸ್ ಸಂಸ್ಥೆಯ ನೇತೃತ್ವದಲ್ಲಿ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ಮೂಲಕ ಬೆಳ್ತಂಗಡಿ ಮತ್ತು ಕಡಬ ತಾಲೂಕುಗಳ ಆಯ್ದ 30 ಗ್ರಾಮಗಳಲ್ಲಿ ವ್ಯಾಪಿಸಿದೆ. ಒಟ್ಟು 109 ಮಹಿಳಾ ಸ್ವ-ಸಹಾಯ ಸಂಘಗಳು,

8 ಮಹಾಸಂಘಗಳು ಮತ್ತು 2 ನೋಂದಾಯಿತ ಒಕ್ಕೂಟಗಳು ಹಾಗೂ 1 ಜಿಲ್ಲಾ ಒಕ್ಕೂಟ ಇವೆ. ಒಟ್ಟು 1,156 ಮಂದಿ ಸದಸ್ಯರು ಸ್ವ-ಸಹಾಯ ಸಂಘಗಳ ಸದಸ್ಯತ್ವ ಪಡೆದಿದ್ದಾರೆ.

ದಿನಾಂಕ 03.02.2025 ಬಂಗಾಡಿ ಸಂಘದ ಸದಸ್ಯರಿಗೆ ಶ್ರೀ. ಮಾರ್ಕ್ ಡಿ ಸೋಜಾರವರು ಮತ್ತು 14.02.2025 ರಂದು ಕುಟ್ರುಪಾಡಿ ಜೀವಜ್ಯೋತಿ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಶ್ರೀಮತಿ ಸಿಸಿಲ್ಯಾ ತಾವ್ರೊರವರು ಉಚಿತ ಕಾನೂನು ಸೇವೆ ಬಗ್ಗೆ ತರಬೇತಿ ನೀಡಿದ್ದಾರೆ. ಒಟ್ಟು 60 ಮಂದಿ ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದರು.

ದಿನಾಂಕ 05.02.2025 ರಂದು ಕಳೆಂಜ ಸಂಘದ ಸದಸ್ಯರಿಗೆ ಶೀ ಮಾರ್ಕ್ ಡಿ ಸೋಜರವರು ಮತ್ತು 19.02.2025 ರಂದು ನೆಲ್ಯಾಡಿ ಅಮೂಲ್ಯ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಶ್ರೀಮತಿ ಸಿಸಿಲ್ಯಾ ತಾವ್ರೊರವರು ಹಕ್ಕೋತ್ತಾಯ ಮತ್ತು ಜಾಲಬಂಧ ಬಗ್ಗೆ ತರಬೇತಿ ನೀಡಿದ್ದಾರೆ. ಒಟ್ಟು 60 ಮಂದಿ ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದರು.

ದಿನಾಂಕ 04.02.2025 ರಂದು ನೆಲ್ಯಾಡಿ ಸಂಘದ ಸದಸ್ಯರಿಗೆ ಸಂಘರ್ಷ ನಿರ್ವಹಣೆ ಬಗ್ಗೆ ಕಾರ್ಯಕರ್ತೆ ತೇಜಾವತಿಯವರು ತರಬೇತಿ ನೀಡಿದರು. ಒಟ್ಟು 35 ಮಂದಿ ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದರು.

ದಿನಾಂಕ 04.02.2025 ರಂದು ದೇವಗಿರಿಯಲ್ಲಿ ಉದಯ ಮಹಾಸಂಘ ಗಂಡಿಬಾಗಿಲು ಇದರ ಸದಸ್ಯರಿಗೆ ಮಹಳಾ ಹಕ್ಕುಗಳ ಬಗ್ಗೆ ಶ್ರೀ ಜೋನ್ಸನ್‌ರವರು ತರಬೇತಿ ನೀಡಿದ್ದಾರೆ. ಒಟ್ಟು 35 ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದರು,

ದಿನಾಂಕ 11.02.2025 ಹಾಗೂ 12.02.2025 ರಂದು ಸಂಪದ ಉಡುಪಿ ಸಂಸ್ಥೆಯಲ್ಲಿ ಆಯೋಜಿಸಿದ ಕ್ಲಸ್ಟರ್ ಮಟ್ಟದ ಸಮುದಾಯ ಪ್ರೇರಿತ ಅಭಿವೃದ್ದಿ ವಿಧಾನ ಮತ್ತು ಸಂರಕ್ಷಣೆ ಮತ್ತು ರಕ್ಷಣೆ ಬಗ್ಗೆ ತರಬೇತಿಯಲ್ಲಿ ಮಹಿಳಾ ಸಬಲೀಕರಣ ಯೋಜನಾ ಸಂಯೋಜಕಿ, ಕಾರ್ಯಕರ್ತರು, ಒಕ್ಕೂಟ ಪ್ರತಿನಿಧಿಗಳು ಹಾಗೂ ಮಹಾಸಂಘದ ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದರು.

ದಿನಾಂಕ 13.02.2025 ರಂದು ಚೈತನ್ಯ ಮಹಾಸಂಘ ತೋಟತ್ತಾಡಿ ಇದರ ಮಹಾಸಭೆಯನ್ನು ಆಯೋಜಿಸಲಾಗಿತ್ತು. ವಂ। ಫಾ। ಬಿನೋಯಿ ಎ.ಜೆ.ರವರು ಮಹಾಸಂಘವನ್ನು ಉತ್ತಮ ರೀತಿಯಲ್ಲಿ ಮುನ್ನಡೆಸುವ ಬಗ್ಗೆ ಮತ್ತು ಉಚಿತ ಕಾನೂನು ಸೇವೆ ಬಗ್ಗೆ ತರಬೇತಿ ನೀಡಿದ್ದಾರೆ. ಒಟ್ಟು 43 ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದರು.

ದಿನಾಂಕ 17.02.2025 ರಂದು ಬಂಗಾಡಿಯಲ್ಲಿ ಅರುಣೋದಯ ಮಹಾಸಂಘ ಬೆಳ್ತಂಗಡಿ ಇದರ ಸದಸ್ಯರಿಗೆ ಸಮುದಾಯ ಅಭಿವೃದ್ಧಿ ಪ್ರೇರಿತ ವಿಧಾನದ ಬಗ್ಗೆ ಶ್ರೀಮತಿ ಮಂಜುಳಾ ಜೋನ್‌ರವರು ತರಬೇತಿ ನೀಡಿದ್ದಾರೆ. ಒಟ್ಟು 25 ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದರು.

ದಿನಾಂಕ 20.02.2025 ರಂದು ನೆಟ್ಟಣ ಕಲ್ಲಾಜೆ ಸಂಘದ ಸದಸ್ಯರಿಗೆ ನಾಯಕತ್ವದ ಬಗ್ಗೆ ಕಾರ್ಯಕರ್ತೆ ಶ್ರೀಮತಿ ಸುಶೀಲ ಕೆ.ಜಿ. ಯವರು ತರಬೇತಿ ನೀಡಿದ್ದಾರೆ.

ದಿನಾಂಕ 4.02.2025 ರಂದು ಉಜ್ವಲ ಸಂಘ ಹಾಗೂ 16.02.2025 ರಂದು ದೀಪ ಸಂಘ ನೆಲ್ಯಾಡಿ ಇದರ ಸದಸ್ಯರು ಸಂಘದ ವಾರ್ಷಿಕೋತ್ಸವವನ್ನು ಆಚರಿಸಿದ್ದಾರೆ.

ದಿನಾಂಕ 12.02.2025 ರಂದು ಬಂಗಾಡಿ ಅಭಿಮಾನ್ ಸಂಘದ ಸದಸ್ಯರು ಬಸ್ಸ್‌ಸ್ಟಾಂಡ್ ನಿರ್ಮಾಣದ ಬಗ್ಗೆ ಇಂದಬೆಟ್ಟು ಪಂಚಾಯತ್‌ಗೆ ಅರ್ಜಿ ಸಲ್ಲಿಸಿದ್ದಾರೆ.

ದಿನಾಂಕ 12.02.2025 ರಂದು ಬಂಗಾಡಿ ಲಿಟ್ಲ್ ಫ್ಲವರ್ ಸಂಘಧ ಸದಸ್ಯರು ರಸ್ತೆ ಡಾಮರೀಕರಣಕ್ಕೆ ಪಂಚಾಯತ್‌ಗೆ ಅರ್ಜಿ ಸಲ್ಲಿಸಿದ್ದಾರೆ.

**ಸ್ಪರ್ಶ ಕಾರ್ಯಕ್ರಮ:**

ದಿನಾಂಕ 04.02.2025 ರಂದು ಬೈಂದೂರಿನಲ್ಲಿ ವಿಶ್ವ ಕ್ಯಾನ್ಸರ್ ದಿನಾಚರಣೆ ಹಾಗೂ ಕ್ಯಾನ್ಸರ್ ರೋಗಿಗಳಿಗಾಗಿ ಧನ ಸಹಾಯ ಸಂಗ್ರಹಣಾ ಕಾರ್ಯಕ್ರಮವು ನಡೆಯಿತು. ಬೈಂದೂರು ಸಿಟಿಯ ಜೆಸಿಐ ಅಧ್ಯಕ್ಷರಾದ ರಾಜು ಮೊಗವೀರರವರು ಕ್ಯಾನ್ಸರ್ ರೋಗದ ಬಗ್ಗೆ ತಯಾರಿಸಿದ ಕರಪತ್ರವನ್ನು ಅನಾವರಣ ಮಾಡುವ ಮೂಲಕ ಕಾರ್ಯಕ್ರಮ ಉದ್ಘಾಟಿಸಿದರು. ಬೈಂದೂರು ಸಮುದಾಯ ಆರೋಗ್ಯ ಕೇಂದ್ರದ ವೈದ್ಯಾಧಿಕಾರಿ ಡಾ. ರಾಜೇಶ್ ರವರು ಕ್ಯಾನ್ಸರ್ ರೋಗದ ಬಗ್ಗೆ ಮಾಹಿತಿ ನೀಡಿದರು. ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ಫಾ. ಬಿನೋಯಿ ಎ.ಜೆ.ರವರು ಪ್ರಾಸ್ತಾವಿಕವಾಗಿ ಮಾತನಾಡಿದರು. ಕಲ್ಮಕ್ಕಿ ಸಂತ ಸೆಬಾಸ್ಟಿಯನ್ ಚರ್ಚಿನ ಸಹಾಯಕ ಧರ್ಮಗುರುಗಳಾದ ಫಾ. ಮ್ಯಾಥ್ಯೂ ಮಣಪ್ಪಾಟ್ ಹಾಗೂ ಉಡುಪಿ ಸಂಪಧ ಸಂಸ್ಥೆಯ ಕಾರ್ಯಕರ್ತೆ ಶ್ರೀಮತಿ ಸಿಂಥಿಯಾ ವೇದಿಕೆಯಲ್ಲಿ ಉಪಸ್ಥಿತರಿದ್ದರು. ಸಭಾ ಕಾರ್ಯಕ್ರಮದ ನಂತರ ಮೈಕ್ ಉದ್ಘೋಷಣೆ ಮಾಡಿ, ಸಾರ್ವಜನಿಕರಿಗೆ ಕರಪತ್ರಗಳನ್ನು ವಿತರಿಸಿ, ಆರ್ಥಿಕವಾಗಿ ಹಿಂದುಳಿದ ಕ್ಯಾನ್ಸರ್ ರೋಗಿಗಳಿಗೆ ನೆರವಾಗುವ ನಿಟ್ಟಿನಲ್ಲಿ ಅಂಗಡಿ ವರ್ತಕರಿಂದ ಧನಸಹಾಯ ಸಂಗ್ರಹಣೆ ಮಾಡಲಾಯಿತು.

**ವಿದ್ಯಾನಿಧಿ ಯೋಜನೆ:**

ಬೆಳ್ತಂಗಡಿ ಧರ್ಮಪ್ರಾಂತ್ಯದ ರಜತ ಮಹೋತ್ಸವದ ಸವಿನೆನಪಿಗಾಗಿ, ವೃತ್ತಿಪರ ಶಿಕ್ಷಣವನ್ನು ಬಯಸುವ ಬಡ ವಿದ್ಯಾರ್ಥಿಗಳಿಗೆ ಆರ್ಥಿಕ ಬೆಂಬಲ ಒದಗಿಸುವುದಕ್ಕಾಗಿ, ವಿದ್ಯಾನಿಧಿ ಎಂಬ ಯೋಜನೆಯನ್ನು ಪ್ರಾರಂಭಿಸಿದ್ದೇವೆ.

ಈ ಯೋಜನೆಯ ಅನುಷ್ಠಾನಗೋಸ್ಕರ ಇದುವರೆಗೆ ಒಟ್ಟು 226 ಮಂದಿ ಆರ್ಥಿಕ ಸಹಾಯ ನೀಡಿದ್ದಾರೆ. ಈ ತಿಂಗಳಲ್ಲಿ ಒಟ್ಟು 45,911/– ರೂ. ಲಭಿಸಿರುತ್ತದೆ.

**Fr. Varkey Malikayil**
Director, Social Service Department

## Newly Blessed Cemetery
## Kattipalla 23.02.2025





# World Cancer Day: Sparsha Public Campaign Byndoor 04.02.2025









## KSMCA: Christmas Cup-2k24
## Thotathady 29.12.2024



## Kadaba: Unity Octave Prayer
## 01.02.2025



# അഭിവന്ദ്യ പിതാവിന്റെ ഡയറിയിൽനിന്ന്

## ഫെബ്രുവരി - 2025

01. പുത്തൂർ മൈനർ സെമിനാരി സന്ദർശിച്ചു.

02. രാവിലെ 09.30 ന് ഷിർലാൽ ഇടവകയിൽ ബഹു. അരിപ്ലാക്കൽ ജോഷിയച്ചന്റെ സഹോദരൻ നിര്യതനായ ജിൻസ് അരിപ്ലാക്കൽലിന്റെ ഭവനത്തിലെത്തി ഒപ്പിസ് ചൊല്ലി പ്രാർത്ഥിച്ചു. കൽമക്കി ഫാം സന്ദർശിച്ചു.

03. രാവിലെ 10.30 ന് മഡ്യൊഡി ഇടവക ദേവാലയത്തിൽവച്ച്, ബഹു. മാത്യു അമ്പാട്ടച്ചന്റെ സഹോദരൻ ജോർജ്ജിന്റേയും ക്രിസ്റ്റീനയുടേയും വിവാഹം ആശീർവ്വദിച്ചു.

05. രാവിലെ 10.30 ന് ബെൾത്തംഗഡി സാൻതോം ടവറിൽവച്ച്, സ്പ്രിംഗ്സ് സ്ഥാപനത്തിന്റെ ആശീർവ്വദ കർമ്മം നിർവ്വഹിച്ചു.

07. കുന്നോത്ത് മേജർ സെമിനാരി സന്ദർശിക്കുകയും, രൂപതയ്ക്ക്വേണ്ടി പഠിക്കുന്ന സെമിനാരിക്കാരനുമായി കൂടികാഴ്ച നടത്തി.

08. രാവിലെ 10.00 ന് ചന്ദനക്കാപാറ ഇടവക ദേവാലയത്തിൽവച്ച്, ബഹു. സേവ്യർ വടക്കേലച്ചന്റെ സഹോദരൻ ആൽബിന്റെയും അബിനയുടെയും വിവാഹം ആശീർവ്വദിച്ചു.

09. വൈകുന്നേരം 4.00 ന് ഉഡുപ്പി രൂപതാദ്ധ്യക്ഷന്റെ മെത്രാഭിഷേകത്തിന്റെ രജത ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

15. വൈകുന്നേരം 4.00 ന് കർണ്ണാടകാ റീജിയണൽ മീഡിയ കമ്മീഷന്റെ ആഭിമുഖ്യത്തിൽ സന്ദേഷ (മംഗലാപുരം) യിൽ വച്ച് നടന്ന മീഡിയ രംഗത്ത് പ്രതിഭകളായി തെരഞ്ഞെടുക്കപ്പെട്ടവരെ അനുമോദിക്കുന്ന യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

16-19. ബെംഗളൂരു നടന്ന കർണാടക റീജിയണൽ മെത്രാൻമാരുടെ (കെ.ആർ.സി.ബി.സി.) യോഗത്തിൽ പങ്കെടുത്തു.

22 രാവിലെ 11.00 ന് തോട്ടത്താടി സെന്റ് ആന്റണീസ് ഫൊറോന ദേവാലയത്തിൽ വച്ച് പൂവ്വത്തിങ്കൽ ഡിജൊ - സുപ്രിയ ദമ്പതികളുടെ നാലാമത്തെ കുട്ടിയ്ക്ക് മാമ്മോദീസ നല്കി.

23. വൈകുന്നേരം 4.00 ന് കാട്ടിപ്പള്ള ഇടവകയിൽ പുതുക്കി പണിത സിമിത്തേരിയുടെ വെഞ്ചിരിപ്പ് നിർവ്വഹിച്ച് വി. ബലി അർപ്പിച്ചു.

24. രാവിലെ ജ്ഞാനനിലയത്തിൽ വച്ച് നടന്ന രൂപതാ ഇന്റർ കമ്മീഷൻ യോഗത്തിൽ പങ്കെടുത്തു.

26. ജൂബിലി വർഷത്തിൽ പരി. ഫ്രാൻസിസ് പിതാവിന്റെ ആഹ്വാനമനുസരിച്ച്, വത്തിക്കാൻ സുനഹദോസിന്റെ "തിരുസഭ", "ആരാധനക്രമം", "ദൈവവചനം", "സഭ ആധുനിക ലോകത്തിൽ" എന്നീ നാല് പ്രമാണരേഖകളുടെ ഏക ദിന പഠനശിബിരത്തിൽ പങ്കെടുത്തു.

27. വൈകുന്നേരം ജ്ഞാനനിലയത്തിൽ വച്ച്, രൂപതാ കേന്ദ്രത്തിലും ജ്ഞാനനിലയത്തിലുമുള്ള വൈദികരോടൊപ്പം മാസധ്യാനത്തിൽ പങ്കെടുത്തു.





# BISHOP'S ENGAGEMENTS

## MARCH - 2025

| | | | |
|---|---|---|---|
| 01. | Engaged | | |
| 02. | Navoor | | |
| 03. | Cathedral | | |
| 05. | Engaged | | |
| 09. | Belthangady | : | Jnananilaya |
| 12. | Belthangady | : | San Thom Tower |
| 16. | Belthangady | : | Jnananilaya |
| 20-21. | Puttur | : | Minor Seminary |
| 22. | Belthangady | : | Jnananilaya |
| 23. | Belthangady | : | Jnananilaya |
| 24-28 | Bhadravathi | : | Annual Retreat with Bishops of Karnataka |

Registered News Paper Monthly

**UDAYADEEPA BELTHANGADY**

REGISTERED NO.PTR/105/2024-2026

LICENSED TO POST WITHOUT PREPAYMENT

LICENSE NO. SK/WPP/PTR/219/2024-26

RNI No. KARMUL/ 2010/ 32217

**POSTED AT BELTHANGADY ON THE LAST DAY OF THE MONTH**

**ANNUAL SUBSCRIPTION RS. 140/- PER COPY RS.12/-**




Printed, Published and Owned by Fr. Joseph Valiaparambil, Bishop's House, P.B. No.13, Belthangady - 574214, Dist.-Dakshina Kannada, Karnataka, Tel.: 08256- 233975, Mob.: 09448251184. E-mail:Udayadeepabel@gmail.com. Place of publication: Bishop's House, P.B. No.13, Belthangady-574214, Dist. Dakshina Kannada, Karnataka. Printed at Shree Raghavendra Printers, Ujire-574 240, Phone: 08256–236421,Email:rpujire@gmail.com.
Editor: Fr. Lawrence Poonolil, Chancellor, 9481039879